**നം.കെ.എസ്.എ.കെ.ടി.എം. പി11/1629/19** **തീയതി : 23.11.2019**

# കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

**കോട്ടയം** ജില്ലയിലെ **എരുമേലി ഗ്രാമ** പഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.08.2018 മുതൽ 08.10.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 19-10-2019 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സാബു സി ജോർജ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.10.2019- 19.10.2019 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സജി.പി.ആർ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ഡാനിമോൾ.കെ.ജെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.കൊച്ചുമോൾ.എം. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ഷാജിമോൻ.പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ബാബുരാജ്.കെ.ബി. ഓഡിറ്റർ (ഹ. ഗ്രേഡ്) |

<u>നിർവഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ.റ്റി.എസ്.കൃഷ്ണകുമാർ | 01.04.2018-31.03.2019 |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി.ഗിരിജമോൾ | 01.04.2018-31.03.2019 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി.കുഞ്ഞമ്മ ടീച്ചർ | 01.04.2018-31.03.2019 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ.കെ.ആർ.അജേഷ് കുമാർ | 0.04.2018-31.03.2019 |
| ആരോഗ്യ-വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ.സോജൻ സ്കറിയ | 01.04.2018-31.03.2019 |
| സെക്രട്ടറി | ശ്രീ.നൗഷാദ്.പി.എ | 01.04.2018-31.03.2019 |

<u>നിർവഹണോദ്യോഗസ്ഥർ</u>

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | എം.എൻ.വിജയൻ<br>മുഹ്സിൻ.പി.എം | 01.04.2018-11.03.2019<br>12.03.2019- 31.03.2019 |
| വെറ്ററിനറി സർജൻ | ഡോ.ജെസ്സി ജയിംസ് | 01.04.2018-31.03.2019 |
| കൃഷി ഓഫീസർ | ശ്രീ.വി.ഷിജുകുമാർ | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, എരുമേലി | ഡോ.സീന.എം.ഇസ്മായിൽ | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ശ്രീലക്ഷ്മി.എസ് | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ബേനസീർ.കെ.ഐ. | 01.04.2018-31.03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.മിനി ജോസഫ് | 01.04.2018-31.03.2019 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ബീന നാരായണൻ<br>ശ്രീ.ഷൈൻ.പി.ആർ | 01.04.2018-12.07.2018<br>13.07.2018- 31.03.2019 |
| ഡയറി എക്സ്റ്റൻഷൻ | ശ്രീ.എൻ.ജെ.ജോസഫ് | 01.04.2018-18.09.2018 |

| | | |
|---|---|---|
| ഓഫീസർ | ശ്രീമതി.ജിഷ ജോസഫ് | 19.09.2018-31.03.2019 |
| ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.സ്കൂൾ, മുട്ടപ്പള്ളി | ശ്രീമതി.ജാൻസിമോൾ വർഗ്ഗീസ് | 01.04.2018-31.03.2-19 |
| വി.ഇ.ഒ, എരുമേലി | ശ്രീ.വി.എം.സജി<br>ശ്രീ.സതീഷ്.കെ.കെ | 01.04.2018- 11.03.2019<br>12.03.2019- 31.03.2-19 |
| വി.ഇ.ഒ, ചേനപ്പാടി | ശ്രീ.മുഹമ്മദ് ഷാഫി<br>ശ്രീ.പദ്മകുമാർ<br>ശ്രീ.ആകർഷ്.ജി.കൃഷ്ണൻ | 01.04.2018- 07.09.2018<br>12.03.2019- 31.03.2019 |

**ഉള്ളടക്കം**


| ക്രമ നം. | **ഭാഗം 1**<br>**ഓഡിറ്റ് റിപ്പോർട്ട്** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ഫണ്ട് വിനിയോഗം | 1-2 |
| 3 | വാർഷിക പദ്ധതി അവലോകനം | 1-3 |
| 4 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-4 |
| 5 | ക്യാഷ് വെരിഫിക്കേഷൻ | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| 7 | വാർഷിക കണക്കുകളുടെ അവലോകനം | 1-7 |
| 8 | കറവപ്പശു കാലിത്തീറ്റ വിതരണം – ഗുണഭോക്തൃവിഹിതം പണമായി പിരിച്ചതിലും ഒടുക്കിയതിലും അപാകത-ഇടപാടുകളിൽ സുതാര്യതയില്ല | 1-8 |
| 9 | വസ്തുനികുതിയിനത്തിൽ വൻകുടിശിക | 1-9 |
| 10 | കുറഞ്ഞനിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു | 1-10 |
| 11 | ജീവനക്കാരുടെ/സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല/ഈടാക്കിയില്ല | 1-11 |
| 12 | കെട്ടിടനിർമ്മാണ അനുമതി/ക്രമവൽക്കരണം – അപാകതകൾ | 1-12 |

| | | |
|---|---|---|
| 13 | ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് വാടക- അവലോകനം | 1-13 |
| 14 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ- അവലോകനം | 1-14 |
| 15 | ആധുനിക അറവുശാല പ്രവർത്തനം തുടങ്ങിയിട്ടില്ല- 5213957/- രൂപയുടെ ചെലവ് മൂതനിക്ഷേപം | 1-15 |
| 16 | കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല | 1-16 |
| 17 | കവുംങ്ങുംകുഴി പ്ലാന്റിൽ വെള്ളമെത്തിക്കൽ – പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല | 1-17 |
| 18 | കവുംങ്ങുംകുഴി പ്ലാന്റ് ഷെഡും ചുറ്റുമതിലും- എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നിർവഹിച്ചു- ഷെഡ് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-18 |
| 19 | പാതിപ്പാറ സാംസ്കാരികനിലയം മെയിന്റനൻസ്- കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി – പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-19 |
| 20 | മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് ഷെഡ് മെയിന്റനൻസ് – ബിന്നുകൾ സ്ഥാപിക്കേണ്ട സ്ഥലത്ത് ടൈൽ പാകി – പാഴ്ചെലവ് | 1-20 |
| 21 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ- 15423229/- രൂപ ചെലവഴിക്കുവാൻ അവശേഷിക്കുന്നു | 1-21 |
| 22 | ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ തുക നൽകിയത്- 723324/- രൂപയുടെ അധികച്ചെലവ് | 1-22 |
| 23 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ചെലവുകൾക്ക് മുൻകൂറുകൾ അനുവദിച്ചത് ക്രമപ്രകാരമല്ല | 1-23 |
| 24 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം – പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-24 |

| | | |
|---|---|---|
| 25 | ആയുർവേദ ആശുപത്രിക്ക് ഔഷധങ്ങൾ വാങ്ങൽ – മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-25 |
| 26 | 2018-19 വർഷത്തെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകിയത് സംബന്ധിച്ച് | 1-26 |
| 27 | പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല, തുക തടസ്സപ്പെടുത്തുന്നു | 1-27 |
| 28 | ലൈഫ് പദ്ധതി- (ജനറൽ) ഭവനനിർമ്മാണം വാസയോഗ്യമായ വിധം പൂർത്തീകരിച്ചിട്ടില്ല | 1-28 |
| 29 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി – നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-29 |
| 30 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകൽ- നടപടിക്രമങ്ങളിലെ അപാകതമൂലം അധികചെലവ് | 1-30 |
| 31 | പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജിൽ പഠിക്കുന്നതിനുള്ള ധനസഹായം- രേഖകൾ ലഭ്യമല്ല- തുക തടസ്സപ്പെടുത്തുന്നു | 1-31 |
| 32 | സാനിട്ടറി നാപ്കിൻ (ഷീപാഡ്) പ്രോജക്ട് നടത്തിപ്പിലെ അപാകത സംബന്ധിച്ച് | 1-32 |
| 33 | പുതിയ എൽ ഇ ഡി, സിഎഫ്എൽ ട്യൂബ്സെറ്റ് തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും (247/19) പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-33 |
| 34 | അംഗനവാടികൾക്ക് ബേബി ഫ്രണ്ട്ലി മേശ, ബെഞ്ച് വാങ്ങൽ- ടെണ്ടർ നടപടികളിലെ അപാകതകൾ | 1-34 |
| 35 | പഞ്ചായത്ത് ഓഫീസ് റീവയറിംഗ് കരാർ ചമയ്ക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കിയില്ല | 1-35 |
| 36 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ- പി ഡബ്ല്യൂ ഡി യിൽ ഒടുക്കിയ തുകയിൽ ചെലവഴിക്കാത്ത തുക തിരികെ ലഭിച്ചിട്ടില്ല | 1-36 |

| | | |
|---|---|---|
| | **ഭാഗം 2**<br>**വരവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 1 | ചാർജ്ജ് നടപടികൾ സ്വീകരിക്കാവുന്ന ഖണ്ഡികകൾ | 2-1 |
| | **ഭാഗം 3**<br>**ചെലവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 1 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകൽ – നടപടിക്രമങ്ങളിലെ അപാകത മൂലം അധികചെലവ് | 3-1 |
| 2 | അംഗനവാടികൾക്ക് ബേബി ഫ്രണ്ട്ലി മേശ ബെഞ്ച് വാങ്ങൽ ടെണ്ടർ നടപടികളിലെ അപാകതകൾ | 3-2 |
| | **ഭാഗം 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 1 | വാർഷികകണക്ക് പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-11 |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 | |

| | | |
|---|---|---|
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ | |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 | |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 19.03.2018ലെ I/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 20.02.2019 ലെ I/1-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകളും യഥാർഥ വരവ് -ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 7113719 | 21922729 |
| വരവ് | 405814647 | 156106251 |
| ആകെ | 405814647 | 178028980 |
| ചെലവ് | 405771429 | 129505197 |
| നീക്കിയിരിപ്പ് | 7156937 | 48523783 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവ് ചെലവ് കണക്കുകളും യഥാർഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം(%) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 31461000 | 31461000 | 27060461 | 4400539 | 86.01 |
| വികസനഫണ്ട് എസ്.സി.പി. | 0 | 14175000 | 14175000 | 12037688 | 2137332 | 84.92 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 4005000 | 4005000 | 3356000 | 649000 | 83.79 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 17111800 | 17111800 | 9695803 | 7415997 | 56.66 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6249000 | 6249000 | 2583913 | 3665087 | 41.34 |
| ജനറൽ പർപ്പസ് ഫണ്ട് | 503067 | 19140008 | 19643075 | 382273 | 19260802 | 1.94 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 13785000 | 13785000 | 4407341 | 9377659 | 31.97 |
| ബി ഫണ്ട് | 0 | 2000 | 2000 | 2000 | 0 | 100 |
| ട്രഷറി റ്റി.എസ്.ബി. ജോയിന്റ് വെഞ്ചർ | 427016 | 10572111 | 10999127 | 3486004 | 7513123 | 31.69 |
| ഐ.സി.ഡി.എസ് | 894081 | 940350 | 1834431 | 479153 | 1355278 | 26.12 |
| കോർപ്പസ് ഫണ്ട് | 2165041 | 450000 | 2615041 | 448979 | 2166062 | 27.8 |
| ശബരിമല ഗ്രാന്റ് | 1145050 | 3000000 | 4145050 | 4109082 | 35968 | 99.13 |
| സ്വഛ് ഭാരത് മിഷൻ | 2000000 | 1241745 | 3241745 | 584623 | 2657122 | 18 |
| ലൈബ്രറി ഗ്രാന്റ് | 0 | 15580 | 15580 | 15580 | 0 | 100 |
| തനത് ഫണ്ട് | * | 37791077 | 37791077 | 12997072 | * | * |

(തനത് ഫണ്ട് അക്കൗണ്ടുകളിൽ തനത് ഫണ്ടായി പരിഗണിക്കാൻ പറ്റാത്ത തുകകളും ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതിനാൽ തനത് ഫണ്ടിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ നിർണ്ണയിക്കാൻ സാധിക്കുന്നില്ല.)

സർക്കാർ ധനസഹായങ്ങൾ പാഴായി

വാർഷിക പദ്ധതി നിർവ്വഹണം കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കാൻ സാധിക്കാത്തതിനാൽ വിവിധ സർക്കാർ ധനസഹായങ്ങളിൽ ലഭിച്ചതും 31.3.2019 ൽ വിനിയോഗിക്കാതെ അവശേഷിച്ചിരുന്നതുമായ 27645614/- രൂപ

സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് |
|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4400539 |
| വികസനഫണ്ട് എസ് സി പി | 2137332 |
| വികസനഫണ്ട് റ്റിഎസ് പി | 649000 |
| സംരക്ഷണഗ്രാന്റ് റോഡ് | 7415997 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3665087 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 9377659 |
| ആകെ | 27645614 |

പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധക്കുറവ് മൂലം പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടിയിരുന്ന 27645614/- രൂപ പാഴായി. വരും വർഷങ്ങളിൽ ഇത്തരം വീഴ്ച സംഭവിക്കാതിരിക്കാൻ പഞ്ചായത്ത് ഭരണസമിതി ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതാണ്.

**എ) ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 37440 | 40 |
| കർഷകതൊഴിലാളി പെൻഷൻ | 2559400 | 221 |
| വിധവാപെൻഷൻ | 13087000 | 1156 |
| വാർദ്ധക്യകാലപെൻഷൻ | 30464500 | 2695 |
| വികലാംഗപെൻഷൻ | 6351300 | 524 |
| അവിവാഹിത പെൻഷൻ | 450000 | 41 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |

സി) തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 24875023 | 24875023 | 24875023 | 0 |
| കാഷ് | 72246 | 700873 | 773119 | 700996 | 72123 |
| ആകെ | 72246 | 25575896 | 25648142 | 25576019 | 72123 |

## 1-3 വാർഷിക പദ്ധതി അവലോകനം

2018-19 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗ് 27.12.2017ൽ ചേരുകയുണ്ടായി. വർക്കിംഗ് ഗ്രൂപ്പുകളുടെ സംയുക്തയോഗത്തിനുശേഷം വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രത്യേക യോഗങ്ങളും ചേർന്നിരുന്നു. പദ്ധതി രൂപീകരണത്തിനായുള്ള വാർഡടിസ്ഥാനത്തിലുള്ള ഗ്രാമസഭകൾ, നിർവഹണോദ്യോഗസ്ഥർ, സ്റ്റേക്ക് ഹോൾഡർമാർ, കരാറുകാർ എന്നിവരുടെ യോഗങ്ങൾ ചേർന്ന് സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. 2018-19 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട വികസനസെമിനാർ 7.3.2018 ൽ ചേർന്നതായി മിനിറ്റ്സ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്

| | |
|---|---|
| ഡി.പി.സി അംഗീകാരം | 490/18/ഡി.പി.സി/ഡി.പി.ഒ/ കെ.ടി.എം/27.3.2018 |
| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | 356 |
| പദ്ധതി അടങ്കൽ | 375377818 |
| നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | 216 |
| പദ്ധതി ചെലവ് | 100133899 |
| ചെലവ് ശതമാനം | 27 |
| നടപ്പാക്കാത്ത പ്രോജക്ടുകളുടെ എണ്ണം | 140 |
| പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം | 61 |

എരുമേലി ടൗൺ ഹാൾ, മുക്കൂട്ടുതറ ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ നിർമ്മാണം/ നവീകരണത്തിനായി യഥാക്രമം 1,00,00,000രൂപ, 2,00,00,000രൂപ വീതം ആകെ 3,00,00,000രൂപ വായ്പയിനത്തിൽ സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. എന്നാൽ പ്രസ്തുത വായ്പകൾ ലഭ്യമാകാതിരുന്നതിനാലാണ് ചെലവ് ശതമാനം ഇത്രയധികം താഴ്ന്നതെന്ന് എക്സിറ്റ് മീറ്റിംഗിൽ പ്രസിഡന്റും സെക്രട്ടറിയും അറിയിച്ചു. കൂടാതെ, ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ പ്രോജക്ടുപ്രകാരം തനതുഫണ്ടിൽനിന്ന് ചെലവഴിച്ച 3492028/-രൂപയുടെ വിശദാംശങ്ങൾ ചെലവുപത്രികയിൽ

രേഖപ്പെടുത്തിയിട്ടുമില്ല. യാഥാർത്ഥ്യബോധമില്ലാത്തവിധം പദ്ധതി അടങ്കൽ നിശ്ചയിച്ച് വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതും എല്ലാ വിഭവ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തേണ്ടതുമാണ്.

പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിൽ മോണിട്ടറിംഗ് സമിതി ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പാലിയേറ്റീവ് കെയർ മാനേജിംഗ് കമ്മറ്റി 2018-19 വർഷവും തുടർന്നും കൂടിയിട്ടില്ല.

പദ്ധതിക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് മെഡിക്കൽ സർവീസസ് കോർപ്പറേഷന് തുക നല്കിയെങ്കിലും ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്.

കൃഷി ഓഫീസർ നടപ്പാക്കിയ ചില പ്രോജക്ടുകൾ തയ്യാറാക്കിയത് വേണ്ടത്ര മുന്നൊരുക്കമില്ലാതെയാണ്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ അപേക്ഷകൾ നല്കാത്തതുമൂലം മറ്റ് ഗുണഭോക്താക്കളെ കണ്ടെത്തി നടീൽ വസ്തുക്കൾ വിതരണം ചെയ്തു. ഇവരെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി ഗ്രാമസഭയിൽ അംഗീകരിക്കാനുള്ള നടപടികൾ നടന്നുവരുന്നതേയുള്ളൂ. വ്യക്തമായ ധാരണയില്ലാതെ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയത് ഭരണസമിതിയുടെ ഭാഗത്തുനിന്നുള്ള അലംഭാവമായി വിലയിരുത്തുന്നു.

സെക്രട്ടറി, എ‌െസിഡിഎസ് സൂപ്പർവൈസർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ വിവിധ പ്രോജക്ടുകളുടെ ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ തിരഞ്ഞെടുക്കുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ലാപ്ടോപ് വിതരണം എന്ന പ്രോജക്ടിന് പട്ടികജാതി വിഭാഗത്തിനും, പട്ടിക വർഗ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം ടെൻഡറുകൾ ക്ഷണിച്ചതുമൂലം അധിക ചെലവ് ഉണ്ടായി. തെരുവ് വിളക്കുകൾ വാങ്ങൽ എന്ന പ്രോജക്ടിനായി വാങ്ങിയ 386 തെരുവ് വിളക്കുകൾ സ്ഥാപിച്ചത് എവിടെയൊക്കെയാണ് എന്ന വിവരം പോലും ലഭ്യമല്ല. ഒരു പ്രോജക്ടിനും മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം മുൻവർഷങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ന്യൂനതകൾ നിലനിൽക്കുന്നുണ്ട്. ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാടക രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.
2. ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്താതെയാണ് വാർഷിക

പദ്ധതിപ്രകാരമുള്ള വാങ്ങലുകൾ നടത്തുന്നത്.

3. ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമായി നടത്തി സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെയും ആസ്തി/ബാദ്ധ്യതകളുടെയും കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.
4. പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കാതെയാണ് വാർഷിക ബജറ്റ് തയ്യാറാക്കുന്നത്.
5. ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള വിവിധ തരത്തിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർത്ത് ആയതിന്റെ അടിസ്ഥാനത്തിലല്ല തെരുവ് വിളക്ക് പരിപാലനം നടത്തുന്നത്.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

**എരുമേലി** ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2019 തീയതിയിൽ 3:45 പി.എം.-ന് പഞ്ചായത്ത് സെക്രട്ടറി ശ്രീ. ഷാജി കെ.റ്റി.-യുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 44168/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | | 7/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.06.2017-01.07.2017 | 2015-16 മുതൽ 2016-17 വരെ | No LBA(HQ)II/ 8A-2647/330 dtd.16.02.2018 |

## 1-7 വാർഷിക കണക്കുകളുടെ അവലോകനം

**2018-19** വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ, വാർഷിക കണക്കിന്മേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.
2. ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

3. വാടകയിനത്തിൽ B15 ഷെഡ്യൂളിൽ ഉള്ള തൻവർഷ കുടിശിക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
4. RP43 പ്രകാരം ലൈസൻസ് ഫീ ഇനത്തിൽ 6100/- രൂപ Arrearകളക്ഷൻ ഉണ്ട്. എന്നാൽ ടി തുക മുൻവർഷത്തെ B15 ഷെഡ്യൂളിൽ ഉൾപ്പെട്ടിരുന്നില്ല.
5. മുൻവർഷത്തെ B15 ഷെഡ്യൂൾ പ്രകാരം സ്ഥാപന തൊഴിൽ നികുതി കുടിശിക 5000/- രൂപയാണ്. എന്നാൽ തൻവർഷ അരിയർ കളക്ഷൻ RP 43 ഷെഡ്യൂൾ പ്രകാരം 20050/- രൂപയാണ്.
6. റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി അരിയർ/കറൻറ് കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല. (ഇതിനുള്ള അക്കൗണ്ട് ശുദ്ധീകരണ (Purification) നടപടികൾ പൂർത്തിയായിട്ടില്ല).
7. തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ I-6, I-14(a) എന്നിവ പൊരുത്തപ്പെടുന്നില്ല.
8. 460100103 ഹെഡിലുള്ള Temporary Advance for Official Purposes എന്ന ശീർഷകത്തിൻെറ RP 47ൽ ഉള്ള ചെലവ്, B 18ൽ ഉള്ള നീക്കിയിരിപ്പ് എന്നിവ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
9. 340200101 എന്ന ഹെഡിലുള്ള Rent Deposit എന്ന ശീർഷകത്തിൻെറ മുന്നിരിപ്പ്, RP 34ൽ ഉള്ള വരവ്-ചെലവ് എന്നിവ രജിസ്റ്ററുമായും ലെഡ്ജറുമായും പൊരുത്തപ്പെടുന്നുണ്ടെങ്കിലും തൻവർഷ B7ൽ ഉള്ള നീക്കിയിരിപ്പ് തുക രജിസ്റ്റർ, ലെഡ്ജർ എന്നിവയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
10. Other deposits –109627/-, Contractors EMD -5000/-, Suppliers Security Deposit-99765/-, Bidders Security Deposit – 203888/-, Auction Deposit 42368/ എന്നിങ്ങനെ തുകകൾ മുൻവർഷ B7ഷെഡ്യൂളിൽ മുന്നിരിപ്പായി ചേർത്തിട്ടുണ്ടെങ്കിലും ആയതിൻെറ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
11. ഗ്രാമപഞ്ചായത്ത് നൽകിയതും മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതായ ചുവടെ ചേർക്കുന്ന ചെക്കുകളുടെ തുകകൾ ബാധ്യത ശീർഷകത്തിൽ കാലഹരണപ്പെട്ട ചെക്കുകളായി രേഖപ്പെടുത്തിയിട്ടില്ല.

| ചെക്ക് നം., തീയതി | തുക |
|---|---|
| 53132 / 12.11.2018 | 1981 |
| 23656 / 17.09.2018 | 7497 |
| 23656 / 17.09.2018 | 7497 |
| 53083 / 03.09.2018 | 680 |
| 23785 / 05.07.2018 | 596 |

| | |
|---|---|
| 23785 /05.07.2018 | 502 |
| 23785 / 05.07.2018 | 767 |
| 52336/ 11.06.2018 | 2000 |
| 23224 / 26.12.2017 | 710 |
| 23991 / 21.06.2017 | 1000 |
| 23406 / 04.05.2017 | 680 |
| 23427 / 15.05.2017 | 2000 |
| 24242 /31.07.2017 | 320 |
| 24297 / 24.08.2017 | 1500 |
| 23146 / 17.11.2017 | 390 |
| 50499 / 06.02.2018 | 100 |
| 23667 / 27.09.2018 | 500 |
| 53132 / 12.11.2018 | 3565 |

12. ഗ്രാമ പഞ്ചായത്തിന് ലഭിച്ചതും മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതായ ചുവടെ ചേർക്കുന്ന ചെക്കുകളുടെ തുകകൾ കിട്ടാനുള്ളവയുടെ ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

| ചെക്ക് നം., തീയതി | തുക |
|---|---|
| 7644786 / 24.09.2018 | 2500 |
| 8903631 / 13.08.2018 | 89000 |
| 3647050 / 31.08.2018 | 55000 |
| 657412 / 13.03.2018 | 1250 |
| 624800 / 28.08.2017 | 226 |

13. പിരിഞ്ഞ് കിട്ടാനുള്ള തുകകൾക്ക് കാലപ്പഴക്കത്തിൻെറ അടിസ്ഥാനത്തിൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ നൽകിയിട്ടില്ല.
14. B-4 ഷെഡ്യൂളിൽ പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള ഗ്രാന്റിനത്തിൽ 15473229/- രൂപ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓഡിറ്റിൽ ഹാജരാക്കിയ രേഖകൾ/ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 15423229/- രൂപ മാത്രമാണ് ടിയിനത്തിൽ അവശേഷിക്കുന്നത്. 50000/- രൂപയുടെ വ്യത്യാസം

ഓഡിറ്റിൽ വിശദീകരിച്ചിട്ടില്ല.

## 1-8 കറവപ്പശു കാലിത്തീറ്റ വിതരണം-ഗുണഭോക്തൃവിഹിതം പണമായി പിരിച്ചതിലും ഒടുക്കിയതിലും അപാകത-ഇടപാടുകളിൽ സുതാര്യതയില്ല

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ കറവപ്പശു-കാലിത്തീറ്റ വിതരണം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്തൃവിഹിതം പിരിച്ചതിലും ഒടുക്കിയതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

28.03.2019 തീയതിയിൽ രസീത് ബുക്ക് നമ്പർ 37339 ലെ 61 മുതൽ 100 വരെയുള്ള രസീത് നമ്പരുകൾ പ്രകാരവും രസീത് ബുക്ക് നമ്പർ 37338 ലെ 01 മുതൽ 26 വരെയുള്ള രസീത് നമ്പരുകൾ പ്രകാരവും ₹1210/-നിരക്കിൽ പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ ₹79860/-(66x1210) സാംഖ്യ രസീത് നം.118020108053 പ്രകാരം അന്നേ ദിവസം ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. തുടർന്ന് 30.03.2019 തീയതിയിലും രസീത് ബുക്ക് നമ്പർ 37339 ലെ 61 മുതൽ 100 വരെയുള്ള രസീത് നമ്പരുകൾ പ്രകാരം ₹ 1547/- നിരക്കിൽ തുക ഈടാക്കിയതായി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും മറ്റ് രസീതുകൾ പ്രകാരമുള്ളതുൾപ്പെടെ ₹1,02,102/- സാംഖ്യ രസീത് നം.118020108255 പ്രകാരം അന്നേ ദിവസം ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതായും കാണുന്നു. മേൽ പരാമർശിച്ച പ്രകാരം രസീത് ബുക്ക് നമ്പർ 37339 ലെ 61 മുതൽ 100 വരെയുള്ള രസീത് നമ്പരുകൾ പ്രകാരം 28.03.2019 ൽ ഗുണഭോക്തൃവിഹിതം ഈടാക്കിയെന്നിരിക്കേ അതേ നമ്പർ രസീതുകൾ പ്രകാരം 30.3.2019 തീയതിയിൽ മറ്റ് ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിയതായി രേഖപ്പെടുത്തുകയും തുക ഒടുക്ക് വരുത്തുകയും ചെയ്തിട്ടുള്ളത് സംബന്ധിച്ച ഓഡിറ്റന്വേഷണകുറിപ്പ് (നം.1തീയതി 14.10.2019) നൽകിയതിന് വെറ്ററിനറി സർജൻ നൽകിയ വിശദീകരണം ചുവടെ ചേർക്കുന്നു.

'ഗ്രാമപഞ്ചായത്തിൽ കറവപ്പശു കാലിത്തീറ്റ വിതരണം നടത്തിയത് 3 ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ വഴിയാണ്. അതിൽ മണിപ്പുഴ സൊസൈറ്റിയിൽ തീറ്റ വിതരണം നടത്തിയ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ അബദ്ധവശാൽ 37339 എന്ന രസീത് ബുക്ക് പ്രകാരം 61 മുതൽ 100 വരെ എന്ന് തെറ്റായി ആവർത്തിച്ച് രേഖപ്പെടുത്തുകയാണുണ്ടായത്. മാർച്ച് മാസം ലൈവ് സ്റ്റോക്ക് സെൻസസ് തുടങ്ങുകയും ഇൻസ്പെക്ടർമാർ ഫീൽഡിലാവുകയും ചെയ്തതിനാൽ കൃത്യ സമയത്ത് തിരുത്താൻ സാധിച്ചില്ല. എന്നാൽ തുക അന്നേ ദിവസം തന്നെ പഞ്ചായത്തിൽ ഒടുക്കുകയും മേൽ തുകയ്ക്ക് കാലിത്തീറ്റ വിതരണം ചെയ്യുകയും ചെയ്തിട്ടുള്ളതാണ് എന്നും ഇത്തരം അപാകതകളുണ്ടാവാതെ മേലിൽ ശ്രദ്ധിച്ചു കൊള്ളാമെന്നു'മാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്.

പ്രസ്തുത വിശദീകരണം ഒരുതരത്തിലും അംഗീകരിക്കാവുന്നതല്ല. ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം പണമായി പിരിക്കുന്നതിലും ഓരോദിവസത്തെയും പണംപിരിവ്, നീക്കിയിരിപ്പ് വിവരം രസീതുകളുടെ അടിസ്ഥാനത്തിൽ ഭൗതികമായി

പരിശോധിച്ച് കൃത്യത ബോദ്ധ്യപ്പെടുന്നതിനും സ്ഥാപനത്തിൽ നിയതമായതും ഫലപ്രദവുമായ നിരീക്ഷണ സംവിധാനം പ്രവർത്തിച്ചിരുന്നില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. തൻവർഷം കാലിത്തീറ്റ വിതരണ പ്രോജക്ടിന്റെ ഗുണഭോക്തൃവിഹിതമിനത്തിൽ മാത്രം 1690800/- രൂപയാണ് പണമായി പിരിച്ചിട്ടുള്ളത്. മുഴുവൻ തുകയും സാമ്പത്തിക വർഷത്തിലെ അവസാനത്തെ ദിവസങ്ങളിലാണ് രസീത് നൽകിയിട്ടുള്ളത്. രസീതുകൾ നൽകിയിട്ടുള്ളതു തന്നെ ക്രമവിരുദ്ധമായ രീതിയിലുമാണ്. പിരിച്ച മുഴുവൻ തുകയും രസീത് നൽകിയിട്ടുമില്ല. സാമ്പത്തിക വർഷത്തെ അവസാന ദിവസങ്ങളിൽ മാത്രമായി ഇത്രയധികം തുകയുടെ പിരിവ് നടത്തിയ സാഹചര്യം വ്യക്തമല്ല.

പണം ഒടുക്കുന്ന ആൾക്ക് റ്റി ആർ 5 ഫോറത്തിലുള്ള രസീതിയുടെ ഡ്യൂപ്ലിക്കേറ്റ് നൽകുകയും അസൽ ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ് എന്ന് കേരള ട്രഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 90(എ) നിഷ്കർഷിക്കുന്നുണ്ട്. ഇപ്രകാരം രസീത് നൽകാതെ കളക്ഷൻ രജിസ്റ്ററിൽ തെറ്റായി രസീതി വിവരം രേഖപ്പെടുത്തിയിട്ടുള്ളത് ക്രമ വിരുദ്ധമാണ്.

ഗുണഭോക്തൃവിഹിതം പിരിവ് ഇടപാടുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ഗൗരവ സ്വഭാവമുള്ള അപാകങ്ങളിന്മേൽ വിശദമായ തുടർ അന്വേഷണം അനിവാര്യമാണ്.

## 1-9 വസ്തുനികുതിയിനത്തിൽ വൻ കുടിശിക

വസ്തുനികുതി (തൻവർഷ) ഇനത്തിൽ ബാക്കിനിൽക്കുന്ന ₹17,48,124/-യും വസ്തുനികുതി (കുടിശിക) ഇനത്തിൽ ബാക്കി നിൽക്കുന്ന ₹ 26,34,641/-യും ഉൾപ്പെടെ ₹43,82,765/-(ലൈബ്രറി സെസ് ഉൾപ്പെടെ) പിരിഞ്ഞുകിട്ടാനുണ്ട്. മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകളുടെ മാത്രം ₹4,31,237/-കുടിശിക അവശേഷിക്കുന്നുണ്ട്. നികുതി കുടിശികയുള്ള ടവറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനത്തിന്റെപേര് | കെട്ടിട/ടവർ നം | കുടിശിക ₹ | കുടിശിക കാലയളവ് |
|---|---|---|---|---|
| 1 | ബി.എസ്.എൻ.എൽ | 13/544 | 70560 | 2013-14 മുതൽ 2018-19 വരെ |
| 2 | ബി.എസ്.എൻ.എൽ | 15/276 | 55125 | 2013-14 മുതൽ 2018-19 വരെ |
| 3 | ഡബ്ലിയു.റ്റി.റ്റി.എൽ | 20/371 | 201600 | 2013-14 മുതൽ 2018-19 വരെ |
| 4 | റിലയൻസ് ലിമിറ്റഡ് | 20/409 | 81452 | 2015-16 മുതൽ 2018-19 വരെ |
| 5 | റ്റാറ്റാ ഇൻഫോകോം | 20/964/a1 | 22500 | 2018-19 |
| | | **ആകെ** | **4,31,237** | |

കുടിശിക തുക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് പുരോഗതി

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

ശ്രീ.അബ്ദുൾ സലിം, തെങ്ങുംതോട്ടത്തിൽ എന്നയാളുടെ വാണിജ്യാവശ്യത്തിനുള്ള 131.33ച.മീ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് 100ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചതായി കാണുന്നു. 100ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് 50/-രൂപയും 100ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് 60/-രൂപയുമാണ് ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന നിരക്ക്.

**നിലവിലെ നികുതി നിർണ്ണയം**

അടിസ്ഥാന നികുതി @ 50/- : ₹ 6566.5

മേൽക്കൂരയിനത്തിലെ ഇളവ് (10%) : ₹ 656.65

വഴി സൗകര്യം-വർദ്ധനവ്(20%) : ₹ 1313.3

നിർണ്ണയിക്കപ്പെട്ട നികുതി : **₹ 7224**

ലൈബ്രറി സെസ് : **₹ 362**

**നിർണ്ണയിക്കപ്പെടേണ്ടിയിരുന്ന നികുതി**

അടിസ്ഥാന നികുതി @60/- : ₹ 7879.8

മേൽക്കൂരയിനത്തിലെ ഇളവ് (10%) : ₹ 787.98

വഴി സൗകര്യം-വർദ്ധനവ്(20%) : ₹ 1575.96

നിർണ്ണയിക്കപ്പെടേണ്ടിയിരുന്നത് : **₹ 8668**

ലൈബ്രറി സെസ് : **₹ 433**

ഇപ്രകാരം കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചത് സംബന്ധിച്ച ഓഡിറ്റന്വേഷണകുറിപ്പിന് (നം.25 തീയതി 19.10.2019 ) മറുപടി ലഭിച്ചിട്ടില്ല. ശരിയായ നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 ജീവനക്കാരുടെ/സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്തില്ല/ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ബാങ്ക്/ധനകാര്യ/ഇതര സ്ഥാപനങ്ങളെയും തൊഴിൽനികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തുകയോ അവയിൽ

നിന്നും 2018-19 സാമ്പത്തികവർഷം ജീവനക്കാരുടെ/സ്ഥാപനതൊഴിൽനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. എരുമേലി ടൗണിലുള്ള ഇത്തരം ഏതാനും സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | പ്രതീക്ഷ ചിറ്റ്സ്, എരുമേലി |
| 2 | സി.പി.എം ചിട്ട് ഫണ്ട്, എരുമേലി |
| 3 | ARTഗ്രൂപ്പ് കമ്പനീസ്, എരുമേലി |
| 4 | മണവാട്ടി ഗോൾഡ് ലോൺസ്, എരുമേലി |
| 5 | ഓറിയന്റൽ ഇൻഷുറൻസ്, എരുമേലി |
| 6 | മുളമൂട്ടിൽ ഫിനാൻസ്, എരുമേലി |
| 7 | ഗുഡ് വേ ഫിനാൻസ്, എരുമേലി |
| 8 | പൊൻകുന്നം എയ്ഡഡ് സ്കൂൾ അദ്ധ്യാപക സഹ.സംഘം,എരുമേലി |
| 9 | കൺസ്യൂമർ ഫെഡ് മദ്യവില്പന ശാല, എരുമേലി |

മേൽപ്പറഞ്ഞത് കൂടാതെ വിവിധ അക്ഷയകേന്ദ്രങ്ങൾ, റേഷൻകടകൾ, കള്ള് ഷാപ്പുകൾ, ആറാട്ടുകയം ഒഴികെയുള്ള ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ, റബ്ബറുല്പാദക സഹകരണ സംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളെയും തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

മേൽപ്പറഞ്ഞ സ്ഥാപനങ്ങളെ ഡിമാന്റ് ചെയ്ത് തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.2) മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**(ബി)** ഡിമാന്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ/ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം | സ്ഥാപനം | തൊഴിൽനികുതി (ജീവനക്കാർ) അർദ്ധവർഷം | തൊഴിൽ നികുതി (സ്ഥാപനം) അർദ്ധവർഷം |
|---|---|---|---|
| 1 | കാഞ്ഞിരപ്പള്ളി സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, എരുമേലി | 1,2 | 1,2 |

| | | | |
|---|---|---|---|
| 2 | മിനി മുത്തൂറ്റ് നിധി (കെ) ലിമിറ്റഡ്, എരുമേലി | 2 | - |
| 3 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, മുക്കൂട്ടുതറ | 1,2 | 1,2 |
| 4 | മുത്തൂറ്റ് മൈക്രോഫിൻ, മുക്കൂട്ടുതറ | - | 1,2 |
| 5 | മേരിമാതാ ഡെന്റൽ ക്ലിനിക്, മുക്കൂട്ടുതറ | 2 | - |
| 6 | റ്റി.പി.ബാങ്കേഴ്സ്, എരുമേലി | 1,2 | 1,2 |
| 7 | മുണ്ടയ്ക്കൽ ബാങ്കേഴ്സ് ,എരുമേലി | 2 | 2 |
| 8 | മേമന ചിറ്റ്സ്& ഫിനാൻസിയേഴ്സ്, എരുമേലി | 1,2 | 1,2 |
| 9 | മാളിയേക്കൽ ബാങ്കേഴ്സ്, എരുമേലി | 1,2 | 1,2 |
| 10 | ഏഞ്ചൽ ഫിനാൻസ്, എരുമേലി | 1,2 | 1,2 |
| 11 | കാരിനാട്ടു ഫിനാൻസിയേഴ്സ്, എരുമേലി | 1,2 | 1,2 |
| 12 | കണ്ടത്തിൽ ഗോൾഡ് ലോൺ, മുക്കൂട്ടുതറ | 1,2 | 1,2 |
| 13 | ചാലക്കുഴി ബാങ്കേഴ്സ്, എരുമേലി | 1,2 | 1,2 |
| 14 | റിലയൻസ് ജിയോ പോയിന്റ്, എരുമേലി | - | 2 |

മേൽപ്പറഞ്ഞത് കൂടാതെ, സി ആർ എൽ പി സ്കൂൾ, മണിമല എന്ന സ്ഥാപനത്തിൽ നിന്നും ഹെഡ് മാസ്റ്റർ മാത്രമാണ് തൊഴിൽനികുതി ഒടുക്കിയിട്ടുള്ളത്. ഡി എ എം യു.പി സ്കൂളിലെ ശ്രീ എ.എം.ബഷീർ മുഹമ്മദ് എന്ന അറബി അദ്ധ്യാപകന്റെ 1,2 അർദ്ധവർഷങ്ങളിലെ വരുമാനം യഥാക്രമം ₹1,44,324, ₹1,73,880/-എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 1000/-രൂപ വീതം മാത്രമാണ് നികുതി ഒടുക്കിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങൾ/ വ്യാപാരികൾ, ഉദ്യോഗസ്ഥർ, കരാറുകാർ, പ്രൊഫഷണലുകൾ ഉൾപ്പെടുത്തിയുള്ള തൊഴിൽനികുതി (സ്ഥാപനങ്ങൾ/വ്യാപാരികൾ/വ്യക്തികൾ) രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തൊഴിൽ നികുതിയിനത്തിലുള്ള യഥാർത്ഥ ഡിമാന്റ് കണക്കാക്കാൻ സാധിക്കുന്നില്ല.

ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.2) മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 കെട്ടിട നിർമ്മാണാനുമതി/ ക്രമവത്കരണം - അപാകതകൾ

കെട്ടിട നിർമ്മാണാനുമതി രജിസ്റ്ററും ബന്ധപ്പെട്ട ഫയലുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ശ്രീ.തോമസ്, കരിംപ്ലാനിൽ എന്നയാൾ വാർഡ് നമ്പർ 14 ൽ നിലവിലുള്ള കെട്ടിടത്തിന്റെ അഞ്ചാമത്തെ നിലയായി വാണിജ്യാവശ്യത്തിന് നിർമ്മിച്ച 326.51 ച.മീ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നിർമ്മാണം ക്രമവത്കരിക്കുന്നതിന് 29.12.2018ൽ (ഫയൽ നം. എ4/12441/18) അപേക്ഷ സമർപ്പിച്ചിരുന്നു. സാങ്കേതം മുഖേനയുള്ള അപേക്ഷയിലും കെട്ടിടത്തിന്റെ പ്ലാനിലും നിലവിലുള്ള കെട്ടിടത്തിന്റെ അളവുകൾ നൽകിയിട്ടുള്ളതിന്റെ വിവരം ചുവടെ ചേർക്കുന്നു.

**നിലവിലുള്ളത്**

താഴത്തെ നില : 82.5 ച.മീ

ഒന്നാം നില : 239.02 ച.മീ

രണ്ടാം നില : 300.97 ച.മീ

മൂന്നാം നില : 303.79 ച.മീ

**ആകെ : 926.28 ച.മീ**

അപാകതകൾ ഉള്ളതിനാൽ ആയവ പരിഹരിച്ച് പ്ലാൻ പുന:സമർപ്പിക്കുന്നതിന് കക്ഷിയെ അറിയിക്കാവുന്നതാണ് എന്ന അഭിപ്രായത്തോടെ തുടർനടപടികൾക്കായി ഫയൽ തിരികെ നൽകുന്നുവെന്ന് അസി.എഞ്ചിനിയർ “Building Inspection Report"ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, സൈറ്റ് പരിശോധനയുടെയും LSGD അസി.എഞ്ചിനിയറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണം ക്രമവത്കരിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി ഇനിഷ്യൽ ചെയ്തിട്ടുള്ളതായി (തീയതിയില്ല) കാണുന്നു. രജിസ്റ്ററിലും ഫയലിലും ക്രമവത്കരണ ഫീസ് ഈടാക്കിയതിന്റെ വിവരങ്ങളില്ല. കൂടാതെ, ഫയലിൽ സെക്ഷൻ ക്ലാർക്കിന്റെയോ

മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥന്റെയോ കുറിപ്പുകൾ/അഭിപ്രായങ്ങളോ സെക്രട്ടറിയുടെ അനുമതി ഉത്തരവോ ലഭ്യമല്ല. "സഞ്ചയ" പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതായും കാണുന്നില്ല. ടിയാന്റെ പേരിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടുള്ളത് താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം | കെട്ടിട നം | നില | തറവിസ്തീർണ്ണം |
|---|---|---|---|
| 1 | 14/180 A | താഴത്തെ നില | 151ച.മീ |
| 2 | 14/180 B | താഴത്തെ നില | 84 ച.മീ |
| 3 | 14/180 C | ഒന്നാം നില | 235 ച.മീ |
| 4 | 14/180 D | രണ്ടാം നില | 264.39 ച.മീ |
| | | **ആകെ** | **734.39** |

കെട്ടിടത്തിന്റെ നിലകൾ തെറ്റായി രേഖപ്പെടുത്തിയത് കൂടാതെ, എല്ലാ നിലകളിലെയും പൂർണ്ണമായ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

(2) ശ്രീ. അബ്ദുൾ റസാക്ക്, പ്ലാംക്കൂട്ടത്തിൽ എന്നയാൾ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നിർമ്മാണാനുമതിക്കായി സമർപ്പിച്ച അപേക്ഷയിൽ (ഫയൽ നം.എ4/7862/18 തീയതി.8/8/2018) കെട്ടിടത്തിന്റെ വിസ്തീർണ്ണം 159.22ച.മീ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, പെർമിറ്റ് രജിസ്റ്ററിൽ തറവിസ്തീർണ്ണം 149.77ച.മീ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 'File pending ആണ്. കാരണമെഴുതുക' എന്ന നിർദേശം അസി.സെക്രട്ടറി പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും യാതൊരു തുടർനടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

(3) ശ്രീമതി റാഫിയ, വെട്ടിയാനിക്കൽ എന്നയാളുടെ 81.55 ച.മീ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ക്രമവത്കരണ അപേക്ഷയുടെ കാര്യത്തിലും പെർമിറ്റ് രജിസ്റ്ററിലും ഫയലിലും പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം തേടിയുള്ള ഓഡിറ്റന്വേഷണകുറിപ്പിന് (നം.24/19.10.2019) മറുപടി ലഭിച്ചിട്ടില്ല. ഖണ്ഡികയിലെ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കെട്ടിട നിർമ്മാണാനുമതി അപേക്ഷകളുടെ കാര്യത്തിൽ, തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015 നം.സർക്കുലറിൽ പ്രതിപാദിക്കുന്ന നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-13 ഗ്രാമ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് വാടക- അവലോകനം

വാടക രജിസ്റ്റർ പ്രകാരം മുക്കൂട്ടുതറ, എരുമേലി എന്നിവിടങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ തൻവർഷ വാടകയിനത്തിൽ 60730/-രൂപ പിരിഞ്ഞുകിട്ടാനുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരം 5530/-രൂപ മാത്രമാണ് പിരിഞ്ഞുകിട്ടാൻ ബാക്കി നിൽക്കുന്നത്. എന്നാൽ, ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്ററുകൾ പരിശോധിച്ചതിൽ മേൽപ്പറഞ്ഞ രണ്ട് തുകകളിൽ നിന്നും വ്യത്യസ്തമായ തുകയാണ് കുടിശികയായി കാണുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കടമുറി നം | കുത്തകക്കാരന്റെ പേര് | മാസ വാടക | കുടിശിക കാലയളവ് | ആകെ |
|---|---|---|---|---|---|
| **<u>എരുമേലി ഷോപ്പിംഗ് കോംപ്ലക്സ്</u>** | | | | | |
| 1 | 3(new) | ജോയി,കൂടാരകല്ലിൽ | 9925 | 3/2019 | 9925 |
| 2 | 1(new)ST | സോമരാജൻ,ഉറുമ്പിൽ | 2000 | 11/18-3/19 (5 മാസം) | 10,000 |
| 3 | കനകപ്പലംw/s ഹാൾ | കെ.എ.ജോർജ്, കൊട്ടേക്കാവനാൽ | 550 | 3/2019 | 550 |
| 4 | മാർക്കറ്റ് ജം. നം.5 | എം.എസ്,മുഹമ്മദ്, മലയിൽ | 945 | 1/19-3/19 (3 മാസം) | 2835 |
| **<u>മുക്കൂട്ടുതറ ഷോപ്പിംഗ് കോംപ്ലക്സ്</u>** | | | | | |
| 5 | 14 | ബാബു തോമസ്,പേണ്ടാനത്ത് | 1087 | 3/2019 | 1087 |
| 6 | 5 | കണമല സർവ്വീസ് സഹ.ബാങ്ക് | 4000 | 3/2019 | 4000 |
| 7 | 8 | ഷാജിദാ നാസർ, ഉറവാലുപറമ്പിൽ | 1982 | 2/19-3/19 | 3964 |
| | | | **ആകെ** | | **32,361** |

വാർഷിക ധനകാര്യ പത്രിക പ്രകാരം മുൻവർഷ കുടിശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 10,65,521/- രൂപയാണ്. ഇതിൽ മുക്കൂട്ടുതറ ഷോപ്പിംഗ് കോംപ്ലക്സ് 8ാം നമ്പർ മുറിയുടെ (ഷാജിദാ നാസർ) കുടിശിക ₹1,00,700/-യും 5ാം നമ്പർ

മുറിയുടെ (ഒ.പി അബ്ദുൾ നാസർ) കുടിശിക ₹ 3,02,421/-യും ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചതായി കാണുന്നു. മേൽപ്പറഞ്ഞ ₹4,03,121/-ഒഴിച്ചുള്ള ₹6,62,400/- യുടെ കുടിശിക സംബന്ധിച്ച് വ്യക്തതയില്ല. തുക ഈടാക്കുന്നതിന് നടപടികൾ ആരംഭിച്ചതായും കാണുന്നില്ല.

കൂടാതെ, എരുമേലി ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 1 (New)(ST സംവരണം), മുക്കൂട്ടുതറ ഷോപ്പിംഗ് കോംപ്ലക്സിലെ 13 (SC സംവരണം) നം. മുറികൾ 2017-18 വർഷം പൂർണ്ണമായും ഒഴിഞ്ഞു കിടക്കുകയായിരുന്നു. കമ്മിറ്റിയെ അറിയിച്ച് അടുത്ത ലേലത്തിന് നോട്ടീസ് തയ്യാറാക്കുക എന്ന് 03/11/2017 ൽ സെക്രട്ടറിയുടെ നിർദേശം വാടക രജിസ്റ്ററിൽ കാണുന്നുണ്ട് എങ്കിലും പ്രസ്തുത മുറികൾ ലേലം ചെയ്ത് നൽകുന്നതിന് വളരെയധികം കാലതാമസമുണ്ടായിട്ടുള്ളതായി കാണുന്നു.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം തേടിയുള്ള ഓഡിറ്റന്വേഷണകുറിപ്പിന് (നം16/18.10.2019) മറുപടി ലഭിച്ചിട്ടില്ല. വാടകയിനത്തിലെ യഥാർത്ഥ കുടിശികയും ഉത്തരവാദികളായ വാടകക്കാരെയും നിർണ്ണയിക്കുകയും തുക ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-14 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ - അവലോകനം

തൻവർഷം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിലാണ് എന്നു കാണുന്നു.

| ക്രമ നം | രജിസ്റ്ററിലെ ക്രമ നം | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് |
|---|---|---|---|
| 1 | 3 | 16/513 | ജോർജ് ജേക്കബ്ബ്, ചെങ്ക്രോത്ത് |
| 2 | 16 | 19/9 | ജോസഫ് മാത്യു, പാറയ്ക്കാമണ്ണിൽ |
| 3 | 33 | 23/572 | റ്റി.എ.സലിം, തേക്കാട്ടിൽ |
| 4 | 43 | 23/210 | നെജിമോൻ, പാറക്കടവിൽ |
| 5 | 66 | 1/517 | ജിയോമോൻ ജോസഫ്,കളത്തിൽ |
| 6 | 69 | 2/527 | മുഹമ്മദ് ബഷീർ, കുമരച്ചൻ പറമ്പിൽ |
| 7 | 76 | 2/211 | അബ്ദുൾകരീം, കുമരച്ചൻ പറമ്പിൽ |

| | | | |
|---|---|---|---|
| 8 | 96 | 20/607 | മുഹമ്മദ് കാസിം, കിഴക്കേതിൽ |
| 9 | 97 | 7/467 | ബോബി ബാലൻ, പുന്നാംപറമ്പിൽ |
| 10 | 127 | 7/676 | അലിയാർ കെ.എം, അരീപുറത്ത് |
| 11 | 132 | 22/249 | ബേബിച്ചൻ ജോൺ, കോട്ടേക്കാവനാൽ |
| 12 | 151 | 3/448 | അജീഷ് കുമാർ പി.ജി, പടത്തിയാനിക്കൽ |
| 13 | 166 | 19/7 | ഷാജിമോൻ റ്റി.കെ, തോട്ടുവായിൽ |
| 14 | 178 | 20/820 | പി.എ.സലിം, പനച്ചിയിൽ |
| 15 | 205 | 14/170 | സുരേഷ് കുമാർ,ചാണാംചേരിൽ |
| 16 | 223 | 5/451A | സദാശിവൻ പി.എസ്, പുതുപ്പറമ്പിൽ |
| 17 | 229 | 23/353 | റജിമോൻ സി.ജെ, ചണ്ണയ്ക്കൽ |
| 18 | 239 | 6/219 | രാജമ്മ വിജയൻ, ജീവൻ ആയുർവേദിക് |
| 19 | 253 | 7/294 | ഹാരി തോമസ്, മൂത്തേടം |
| 20 | 258 | 21/524 | സാന്റിഷ് വർഗ്ഗീസ്, തോപ്പിൽ |
| 21 | 262 | 7/279 | ഷാജി യൂസഫ്, പുതുപ്പറമ്പിൽ |
| 22 | 267 | 20/890 | പി.എസ്.സലിം, പറമ്പിൽ |
| 23 | 268 | 20/835 | പി.എസ്.അസീസ്, പറമ്പിൽ |
| 24 | 281 | 2/556 | കെ.ജി.ഗോപാലകൃഷ്ണൻ നായർ, ഞളിയേരത്ത് |
| 25 | 288 | 7/550 | സജിമ് റസാക്ക്, തേക്കുംതോട്ടത്തിൽ |
| 26 | 295 | 22/158 | ഷാജിമോൻ കെ.ഇ, കളിക്കൽ |
| 27 | 298 | 23/359 | അഷറഫ് വി.എം, വിലങ്ങുപാറ |
| 28 | 303 | 23/201/ | കെ.എൻ.വിശ്വനാഥൻ, കളത്തിൽ |
| 29 | 323 | 14/560 | തോമസ് സെബാസ്റ്റ്യൻ, കയ്യൂന്നുപാറ |
| 30 | 375 | 20/188A | സുലേഖ സോമൻ, കല്ലേപുരയിടത്തിൽ |
| 31 | 398 | 7/410 | ജിജി ജോസഫ്, വെട്ടുകല്ലാംകുഴി |

| | | | |
|---|---|---|---|
| 32 | 419 | 21/521 | മനോജ് കുമാർ കെ.എം, കുറിയന്നൂർ കുന്നേൽ |
| 33 | 451 | 16/1061 | ഡോ.ആൻസി ജോർജ്, മേരിമാതാ ഡന്റൽ ക്ലിനിക് |
| 34 | 526 | 14/113 | ബിനോ കെ ജെ, കളത്തിൽ |
| 35 | 586 | 7/661 | ഗ്രേസിക്കുട്ടി ജോർജ്, ചാഞ്ഞൊടിക്കൽ |
| 36 | 606 | 23/582 | സുനിൽകുമാർ, വെട്ടിക്കാപ്പള്ളിൽ |
| 37 | 670 | 19/667 A | പി.റ്റി.ആൻഡ്രൂസ്, കുവക്കാട്ടുചിറയിൽ |

പല അപേക്ഷകളിലും അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിന്റെ ഉടമയുടെ പേരും കെട്ടിടത്തിന്റെ യഥാർത്ഥ ഉടമയുടെ പേരും വ്യത്യസ്തമായി കാണുന്നു. മേൽപ്പട്ടികയിലെ ക്രമ നം.5,9,18,19,21,23,25,27,34,36 എന്നിവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്.

കൂടാതെ, സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുമായി ബന്ധപ്പെട്ട പരിശോധനയിൽ പല കെട്ടിടങ്ങളും 'സഞ്ചയ'യിൽ 'Building Not Found" എന്നാണ് കാണപ്പെടുന്നത്. രജിസ്റ്ററിലെ ക്രമ നം. 5,14,83,118,136,143,161,195,215, 236,256,274,275,297,301,302,325,405,458,495,591 എന്നീ അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ ആയതിന് ഏതാനും ഉദാഹരണങ്ങളാണ്.

"സഞ്ചയ" യിലെ വിവിധ ഉപയോഗക്രമങ്ങളുടെ അടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം | ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ,ഗോഡൗൺ | 1609 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ | 526 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 8 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 172 |

| | | |
|---|---|---|
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 43 |
| 7 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറിഷെഡ്, കയർപിരി ഷെഡ് | 76 |
| 8 | ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ | 82 |
| | **ആകെ** | **2596** |

മേൽപ്പറഞ്ഞ പ്രകാരം ഗ്രാമപഞ്ചായത്തിൽ വിവിധ വാണിജ്യ/വ്യവസായ, അനുബന്ധ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പട്ട **2596** കെട്ടിടങ്ങളുണ്ടെങ്കിലും തൻവർഷം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടുള്ളത് **725** സ്ഥാപനങ്ങൾ (പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുൾപ്പെടെ) മാത്രമാണ്.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.12 തീയതി 17.10.19) മറുപടി ലഭിച്ചിട്ടില്ല. കെട്ടിടത്തിന്റെ ഉപയോഗക്രമമോ ഉടമസ്ഥതയോ അതിലുപരി കെട്ടിടം നിലവിലുണ്ടോ എന്നത് പോലും സെക്ഷൻ ക്ലാർക്കോ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥനോ പരിശോധിക്കുന്നില്ല എന്നത് ഗൗരവതരമായ സംഗതിയാണ്. ട്രേഡേഴ്സ് ലിസ്റ്റ് എന്ന പേരിൽ പരിശോധനയ്ക്ക് ഹാജരാക്കിയത് ഗ്രാമ പഞ്ചായത്തിലെ വാണിജ്യ/വ്യവസായ/ഇതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെയും ഉടമകളുടെയും വിവരങ്ങളാണ്. സ്ഥാപന ഉടമകളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തീകരിക്കുകയും യാതൊരു സ്ഥാപനവും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ല എന്നുറപ്പാക്കേണ്ടതുമാണ്.

## 1-15 ആധുനിക അറവുശാല പ്രവർത്തനം തുടങ്ങിയിട്ടില്ല- 5213957 രൂപയുടെ ചെലവ് മുതനിക്ഷേപം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2008-09, 2009-10 വാർഷിക പദ്ധതികളിൽ കവുങ്ങുംകുഴിയിൽ ആധുനിക അറവുശാലയ്ക്കായി പ്രോജക്ട് നം 100/08 വഴി 2390559 രൂപ വിനിയോഗിച്ച് കെട്ടിട നിർമ്മാണവും പ്രോജക്ട് നം. 354/10 വഴി 1620000 രൂപ വിനിയോഗിച്ച് മെഷിനറി സ്ഥാപിക്കലും പൂർത്തിയായിരുന്നു. എന്നാൽ ജലലഭ്യത, വൈദ്യുതീകരണം തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ ഒരുക്കാത്തതിനാൽ അറവുശാലയുടെ പ്രവർത്തനം തുടങ്ങിയിരുന്നില്ല. പ്രവർത്തനമില്ലാതെ കിടന്ന കെട്ടിടത്തിന്റെ ജനലുകളും വാതിലുകളും സാമൂഹ്യവിരുദ്ധർ നശിപ്പിച്ചതിനെ തുടർന്ന്

2018-19 വർഷം പ്രോജക്ട് നം 266/19 വഴി 310006 രൂപ വിനിയോഗിച്ച് കെട്ടിടത്തിന്റെ ജനലുകളും വാതിലുകളും പിടിപ്പിക്കുക, പെയിന്റിംഗ്, മുറ്റം കോൺക്രീറ്റിംഗ് തുടങ്ങിയ പണികൾ ചെയ്തു.

ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ അഭ്യർഥന പ്രകാരം 8.8.2018 ൽ പഞ്ചായത്ത് അധികൃതരും കേരള ഇലക്ട്രിക്കൽ ആന്റ് അലൈയ്ഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്, മാമല യൂണിറ്റ് (കെൽ) ഉദ്യോഗസ്ഥരും സംയുക്തമായി സ്ഥലം സന്ദർശിച്ച് നിലവിലുള്ള പോരായ്മകൾ വിലയിരുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ അറവുശാലയുടെ ഹാളിൽ സ്ഥാപിച്ചിരുന്ന ഹോയിസ്റ്റുകളുടെയും മോട്ടോറുകളുടെയും അനുബന്ധ ഇലക്ട്രിക് ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനസജ്ജമാക്കുന്നതിനും, ആവശ്യമായ ജലലഭ്യത ഉറപ്പാക്കുന്നതിനും തകരാറായ പൈപ്പ് ലൈൻ, ഇലക്ട്രിക് ഉപകരണങ്ങൾ, കാണാതായ സ്റ്റീൽ വീൽബാരോ, സ്റ്റീൽ സിങ്കുകൾ, ടാപ്പുകൾ എന്നിവ പുനസ്ഥാപിക്കുന്നതിനും തീരുമാനിച്ചു. ഇതുപ്രകാരം പ്രോജക്ട് നം. 365/19 വഴി 378466 രൂപ വിനിയോഗിച്ച് കേടായ ഉപകരണങ്ങൽ പ്രവർത്തനക്ഷമമാക്കി. പ്രോജക്ട് നം. 327/19 വഴി 1000000 രൂപ വകയിരുത്തി വെള്ളം സജ്ജീകരിക്കുന്നതിനായി പ്രോജക്ട് എറ്റെടുത്തെങ്കിലും ടി പ്രോജക്ട് പൂർത്തിയാക്കിട്ടില്ല. 514926 രൂപ വിനിയോഗിച്ച് ടാങ്ക് സ്ഥാപിക്കൽ മാത്രമാണ് നടപ്പിലായത്. ജലസ്രോതസ്സ് ഉറപ്പാക്കിയിരുന്നില്ല. ഇപ്രകാരം 2008-09, 2009-10 വർഷങ്ങളിൽ 4010559 രൂപ ചെലവഴിച്ച് സ്ഥാപിച്ച ആധുനിക അറവുശാലയ്ക്ക് 2018-19 വർഷം മൂന്ന് പ്രോജക്ടുകൾ വഴി 1203398/- രൂപ വിനിയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടും അറവുശാലയിൽ പ്രവർത്തനം തുടങ്ങാൻ സാധിച്ചിട്ടില്ല. ആകെ ചെലവഴിച്ച 5213957 രൂപ പാഴ്ചെലവായി തുടരുന്നു. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇതിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-16 കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല

എരുമേലി ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം കരാറുകാരൻ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തിയിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ.പി. നം. 13/ 2012/ PWD/ തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കേണ്ടത്.

| ക്രമ നം. | പ്രോജക്ട് നം/ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ | കരാറിലേർപ്പെട്ട തീയതി | പി.എ.സി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | ചമയ്ക്കാൻ നിർദ്ദേശിച്ച തീയതി | | | |
| 1 | 314/19 കവുങ്ങുംകുഴി പ്ലാന്റിൽ ഷെഡും ചുറ്റുമതിലും | ശ്രീമതി ദീപ ആർ, മറ്റത്ത് വീട്, കൊട്ടാരക്കര | 24.1.18 | 14.3.18 | 929315 | 9293 |
| 2 | 327/19 മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് ഷെഡ് നിർമ്മാണം | ശ്രീ കെ. എസ് ഷാജി | 24.1.18 | 28.3.18 | 418219 | 4182 |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരായ ശ്രീമതി ദീപയിൽ നിന്നും 9293 രൂപയും, ശ്രീ കെ. എസ് ഷാജിയിൽ നിന്നും 4182 രൂപയും പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 കവുങ്ങുംകുഴി പ്ലാന്റിൽ വെള്ളമെത്തിക്കൽ - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് നം. 327/19

അടങ്കൽ- 1000000 രൂപ (തനത് ഫണ്ട്- 600000 + ബ്ലോക്ക് വിഹിതം-400000 )

ചെലവ്- 514926 രൂപ (തനത് ഫണ്ട്, ചെക്ക് നം. 53443/7.3.2019- 317391 രൂപ + ചെക്ക് നം.7239537/20.3.2019- 197535 രൂപ)

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത മേൽ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് പ്രകാരം 20000 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക്, പ്ലാറ്റ്ഫോം, 63mm വ്യാസമുള്ള 10kg/cm2 HDPE പൈപ്പ് 1450m എന്നിവ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എം ബുക്ക് നം 91/18-19പ്രകാരം ചെയ്ത പ്രവൃത്തികൾ 6.1mx5.95mx1m അളവിലുള്ള പ്ലാറ്റ്ഫോം നിർമ്മിച്ച് അതിൽ 20000 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന പൈപ്പ് സ്ഥാപിക്കൽ

ചെയ്തിട്ടില്ല. ജലസ്രോതസ്സ് എവിടെയെന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല. രണ്ട് പാർട്ട് ബില്ലുകളിലായി ആകെ 514926 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കാത്തത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. പ്രവൃത്തി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ 514926 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 കവുങ്ങുംകുഴി പ്ലാന്റ് ഷെഡും ചുറ്റമതിലും-എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നിർവ്വഹിച്ചു- ഷെഡ് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

പ്രോജക്ട് നം 314/19
നിർവഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

അടങ്കൽ- 930000 രൂപ (വികസന ഫണ്ട് ജനറൽ )

ചെലവ്- 269010 രൂപ (ബിൽ നം. 39/18-19/22.12.2018)

ഗ്രാമപഞ്ചായത്തിന്റെ കവുങ്ങുംകുഴിയിൽ സ്ഥാപിച്ചിട്ടുള്ള പ്ലാന്റിൽ ഷെഡും ചുറ്റമതിലും നിർമ്മിക്കുന്നതിനാണ് പ്രോജക്ട് ഏറ്റെടുത്തത്. അംഗീകാരം ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം കോൺക്രീറ്റ് പില്ലറുകൾ സ്ഥാപിച്ച് ട്രസ്സ് ചെയ്ത് ജി.ഐ ഷീറ്റ് റൂഫിംഗ് നടത്തുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നിർവ്വഹിച്ചതായി കാണുന്നു. എം ബുക്ക്, ഫയൽ എന്നിവ പ്രകാരം, കോൺക്രീറ്റ് പില്ലറുകൾ സ്ഥാപിക്കുന്നതിന് പകരം പ്ലിന്തിൽ നിന്നും ജി. ഐ പൈപ്പുകൾ സ്ഥാപിച്ച് അതിൽ ട്രസ്സ് വർക്ക് ചെയ്യുന്നതിനായി പ്ലിന്ത് ബീം സ്ഥാപിച്ചതായി കാണുന്നു. 18.10.2019 ൽ ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തിയതിലും ആയത് ബോദ്ധ്യപ്പെട്ടു. സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നിർവ്വഹിച്ചിട്ടും എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയിട്ടില്ല. ആയത് ക്രമപ്രകാരമല്ല. 14.3.2018 ൽ കരാർ വെച്ച് തുടങ്ങിയ പ്രവൃത്തിയുടെ പ്ലിന്ത് ബീം വരെയുള്ള പണികൾ മാത്രമേ ഓഡിറ്റ് തീയതി വരെ ചെയ്തിട്ടുള്ളൂ. അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങി പ്രവൃത്തി പൂർത്തിയാക്കുന്നത് വരെ 269010/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 പാതിപ്പാറ സാംസ്കാരികനിലയം മെയിന്റനൻസ്- കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പ്രോജക്ട് നം. 280/19

അടങ്കൽ- 300000 രൂപ (വികസന ഫണ്ട് എസ് .സി. പി )

ചെലവ്- 297274 രൂപ (ബിൽ നം. 25/ 18-19/ 23.11.18 )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

എരുമേലി ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ കരാർ പ്രവൃത്തിയായി നിർവ്വഹിച്ചതാണ് മേൽ പ്രേജക്ട്. ടെണ്ടർ ക്ഷണിച്ച് എസ്റ്റിമേറ്റ് നിരക്കിലും 0.5 % കുറവ് ക്വോട്ട് ചെയ്ത ശ്രീ ജോൺ പി മാത്യു എന്ന കരാറുകാരൻ വഴിയാണ് പ്രവൃത്തി നിർവ്വഹിച്ചത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ശ്രീ സണ്ണി സി. ജെ. ചേരംചേരിൽ എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലും 3.5 % കുറവ് ക്വോട്ട് ചെയ്തിരുന്നു എന്നു കാണുന്നു. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ സണ്ണി സി. ജെ ചേരംചേരിൽ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കാതിരുന്നത് മൂലം എസ്റ്റിമേറ്റ് തുകയായ 298797 രൂപയുടെ 3% ആയ 8964 രൂപ പഞ്ചായത്തിന് നഷ്ടമുണ്ടായതായി കാണുന്നു. അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 3-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കില്ല. അധികം ചെലവായ 8964 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. 8964/- രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് ഷെഡ് മെയിന്റനൻസ് ബിന്നുകൾ സ്ഥാപിക്കേണ്ട സ്ഥലത്ത് ടൈൽ പാകി- പാഴ്ചെലവ്

പ്രോജക്ട് നം 324/19

അടങ്കൽ- 418000 രൂപ (ബ്ലോക്ക് വിഹിതം- 318000 + തനത് ഫണ്ട്- 100000 )

ചെലവ്- 405368 രൂപ (ബ്ലോക്ക് വിഹിതം- 318800 രൂപ + തനത് ഫണ്ട്- 86568 രൂപ) (കാത്തലിക് സിറിയൻ ബാങ്ക് അക്കൗണ്ട് നം. 013903744136190001 ലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകി )

2018-19 വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം കവുങ്ങുംകുഴി മാലിന്യസംസ്കരണ പ്ലാന്റിലെ രണ്ട് ഷെഡുകളിലും തറയിലും ഭിത്തിയിലും ടൈൽ പതിക്കുന്നതിന് ഉദ്ദേശിച്ചിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റിലെ ഇനം 1 പ്രകാരം രണ്ട് ഷെഡുകളുടെയും തറയിൽ ആകെ 301.3m2 ടൈൽ പതിച്ചിട്ടുണ്ട്. ആയതിന് ചതുരശ്രമീറ്ററിന് 992.05 രൂപ നിരക്കിൽ 298904.66 രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്. സെക്രട്ടറി നിർവ്വഹിച്ച തുമ്പൂർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തിയിൽ ടി ഷെഡ്ഡുകളിൽ 1.2m x 1.2m പാദവിസ്തീർണ്ണമുള്ള 48 ബിന്നുകൾ സ്ഥാപിക്കേണ്ട സ്ഥലത്തും ടൈലുകൾ പാകിയതായി കണ്ടു. അതായത് 1.2x1.2x48 = 69.12m2 വിസ്തീർണ്ണത്തിൽ ടൈൽ പാകിയത്

അനാവശ്യമാണ് എന്ന് കാണാവുന്നതാണ്. ആയതിന് ചതുരശ്രമീറ്ററിന് 992.05 രൂപ നിരക്കിൽ 68570 രൂപ പാഴ്ച്ചെലവ് വന്നിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിൽ ഏകോപനമില്ലാത്തത് മൂലം 68570 രൂപ പാഴ്ച്ചെലവുണ്ടായത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ അശ്രദ്ധമൂലം പാഴ്ച്ചെലവായ 68570 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 പ്രത്യേക ഉദ്ദേശ്യഗ്രാന്റുകൾ- 15423229/-രൂപ ചെലവഴിക്കുവാൻ അവശേഷിക്കുന്നു

പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി വിവിധ സ്രോതസ്സുകളിൽനിന്ന് ലഭിച്ച തുകയിൽ ആകെ 15423229/-രൂപ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നതായി ഗ്രാമപഞ്ചായത്തിന്റെ 31.3.2019ലെ ബാലൻസ്ഷീറ്റ് (ബി4 -ഷെഡ്യൂൾ) വ്യക്തമാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉദ്ദേശ്യം | ധനസ്രോതസ് | തുക |
|---|---|---|
| അങ്കണവാടികളിൽ പോഷകാഹാര വിതരണം | കേന്ദ്രവിഹിതം | 1355278 |
| ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | ബ്ലോക്ക് പഞ്ചായത്ത് | 260965 |
| | സർവ്വശിക്ഷാഅഭിയാൻ | 26090 |
| മാലിന്യസംസ്കരണം | സ്വച്ഛ് ഭാരത് മിഷൻ | 1415377 |
| ശുചിത്വകോട്ടയം | ബ്ലോക്ക് പഞ്ചായത്ത് | 15000 |
| ഒ.ഡി.എഫ് | ബ്ലോക്ക് പഞ്ചായത്ത് | 190734 |
| ഒ.ഡി.എഫ് | ടി.എസ്.സി | 1694050 |
| ഖരമാലിന്യപരിപാലനം | ടി.എസ്.സി | 1241745 |
| ലൈഫ് മിഷൻ – ടി.എസ്.പി | ബ്ലോക്ക് പഞ്ചായത്ത് | 439420 |
| ലൈഫ് മിഷൻ – എസ്.സി.പി | ബ്ലോക്ക് പഞ്ചായത്ത് | 1683134 |
| ലൈഫ് മിഷൻ – ജനറൽ | ബ്ലോക്ക് പഞ്ചായത്ത് | 1217498 |
| ലൈഫ് മിഷൻ – ടി.എസ്.പി | ജില്ലാ പഞ്ചായത്ത് | 159748 |
| ലൈഫ് മിഷൻ – എസ്.സി.പി | ജില്ലാ പഞ്ചായത്ത് | 1151817 |
| ലൈഫ് മിഷൻ – ജനറൽ | ജില്ലാ പഞ്ചായത്ത് | 184 |
| പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് | ബ്ലോക്ക് പഞ്ചായത്ത് | 903200 |

| | | |
|---|---|---|
| കവുങ്ങുംകുഴി ചെക്ക് ഡാം നിർമ്മാണം | ബ്ലോക്ക് പഞ്ചായത്ത് | 500000 |
| ചെമ്പൻകുഴി ചെക്ക് ഡാംനിർമ്മാണം | ബ്ലോക്ക് പഞ്ചായത്ത് | 500000 |
| കുട്ടപ്പായിപ്പടി കലുങ്ക് നിർമ്മാണം | ബ്ലോക്ക് പഞ്ചായത്ത് | 300000 |
| പഞ്ചായത്ത്പടി-ബസ്സ്റ്റാൻഡ് റോഡ് കലുങ്ക് നിർമ്മാണം | ബ്ലോക്ക് പഞ്ചായത്ത് | 100000 |
| കാരിത്തോട്- മന്നംകുന്നേൽ പടി റോഡ് കോൺക്രീറ്റിംഗ് | ബ്ലോക്ക് പഞ്ചായത്ത് | 56423 |
| പാക്കാനം കമ്മ്യൂണിറ്റി ഹാൾ | പട്ടികവർഗവികസനവകുപ്പ് | 115041 |
| എലിവാലിക്കര കമ്മ്യൂണിറ്റി ഹാൾ | പട്ടികവർഗവികസനവകുപ്പ് | 2050000 |
| അയ്യൂട്ടിൽപ്പടി- വെള്ളാപ്പള്ളി റോഡ് കോൺക്രീറ്റിംഗ് | പട്ടികവർഗവികസനവകുപ്പ് | 11557 |
| ശബരിമല ഗ്രാന്റ് | സംസ്ഥാനസർക്കാർ | 35968 |
| ആകെ | | 15423229 |

നിർദ്ദിഷ്ട പദ്ധതികൾക്കായി ലഭിച്ച പ്രസ്തുത തുകകൾ മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ചെലവഴിക്കേണ്ടതും നീക്കിയിരിപ്പുള്ള പക്ഷം ആയത് ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് തിരികെ ഒടുക്കേണ്ടതുമാണ്.

## 1-22 ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ തുക നൽകിയത്- 723324/-രൂപയുടെ അധികച്ചെലവ്.

2012-13, 2013-14 വാർഷികപദ്ധതികളുടെ ഭാഗമായി നടപ്പാക്കിയ 3 മരാമത്തുപ്രവൃത്തികളുടെ ഫൈനൽ ബില്ലുകൾ ഗ്രാമപഞ്ചായത്തിൽനിന്ന് യഥാസമയം കരാറുകാർക്ക് നൽകിയിരുന്നില്ല. ഇതിനെ തുടർന്ന് കരാറുകാർ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകളുടെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ (ഭരണസമിതി തീരുമാനം നമ്പർ - 4/14.11.2018) താഴെപ്പറയും പ്രകാരം ആകെ 3492028/-രൂപ തൻവർഷം തനതുഫണ്ടിൽനിന്ന് ചെലവഴിച്ചിട്ടുണ്ട്.

| കേസ് നമ്പർ/ ഉത്തരവ് തീയതി | തുക | വൗച്ചർ നമ്പർ/ തീയതി | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|
| WP(c) 27529/14/ 11.8.2018 | 1006967 | 21801011/30.11.2018 | 7239352/28.11.2018 |
| WP(c) 28267/14/ 13.8.2018 | 1261618 | 21801012/30.11.2018 | 7239353/28.11.2018 |

| | | | |
|---|---|---|---|
| | 1223443 | 21801013/30.11.2018 | 7239354/28.11.2018 |
| ആകെ | 3492028 | | |

| കേസ് നമ്പർ | പ്രോജക്ട് നമ്പർ/ പേര് | കരാറുകാരന്റെ പേര് | പ്രവൃത്തിയുടെ മൂല്യം | കരാറുകാരന്റെ വിഹിതം | ആദായ നികുതി | വാറ്റ് | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | പലിശ |
|---|---|---|---|---|---|---|---|---|
| WP© 27529/14/ 11.8.2018 | എസ്-237/14, പഴയിടം അങ്കണവാടി നിർമ്മാണം | ശ്രീ.ജോസഫ് ഫ്രാൻസിസ്, മണ്ഡപത്തിൽ കുന്നേൽ | 798388 | 758468 | 7984 | 23952 | 7984 | 208579 |
| WP© 28267/14/ 13.8.2018 | എസ്-170/13, വൃദ്ധസദനം (വനിത) പൂർത്തീകരണം | ശ്രീ.ടോമി ജോസഫ്, പന്തലാനിക്കൽ, കൂവപ്പള്ളി | 1497678 | 950277* | 10003 | 30009 | 10003 | 261326 |
| | എസ്-170/13, വൃദ്ധസദനം (വനിത) പൂർത്തീകരണം | | 1428272 | 921523** | 9700 | 29101 | 9700 | 253419 |
| ആകെ | | | 3724338 | 2630268 | 27687 | 83062 | 27687 | 723324 |

*ഒന്നാം പാർട്ട് ബിൽ പ്രകാരം 472375/-രൂപ 31.3.2013ൽ കരാറുകാരനു നൽകുകയും 55248/-രൂപ റീടെൻഷൻ പിടിക്കുകയും ചെയ്തിരുന്നു.

**ഒന്നാം പാർട്ട് ബിൽ പ്രകാരം 586775/-രൂപ 27.3.2013ൽ കരാറുകാരനു നൽകുകയും 58677/-രൂപ റീടെൻഷൻ പിടിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയതും ഡി.പി.സി അംഗീകരിച്ചതുമായ പ്രോജക്ടുകളിൽ വകയിരുത്തിയിരുന്നത് ലോകബാങ്ക് ധനസഹായമായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ വാർഷികകണക്കുകൾക്ക് ഓഡിറ്റ് വകുപ്പിൽനിന്ന് വിശേഷണങ്ങളില്ലാത്ത ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കാതിരുന്നതിനാൽ ലോകബാങ്ക് ധനസഹായത്തിന്

യോഗ്യതനേടാതിരിക്കുകയും ധനസഹായം നഷ്ടപ്പെട്ടുകയും ചെയ്തിരുന്നു. കൂടാതെ, ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത കാര്യങ്ങൾക്കായി ടി പ്രവൃത്തികളുടെ ഒന്നാം പാർട്ട് ബില്ലുകൾ പ്രകാരം ചെലവഴിച്ച 3794222/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്തിരുന്നു (2012-13വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-11 കാണുക). മേൽ കാരണങ്ങളാലാണ് കരാറുകാർക്ക് യഥാസമയം ഫൈനൽ ബിൽ തുക നൽകുവാൻ സാധിക്കാതിരുന്നത്. ഇപ്രകാരം തുക കൈമാറുന്നതിൽ കാലതാമസം നേരിട്ടതിനാലും കോടതിവിധിയുടെ അടിസ്ഥാനത്തിൽ തുക നൽകിയതിനാലും 01.04.2014 മുതൽ 31.10.2018 വരെയുള്ള കാലയളവിലേയ്ക്കായി 6% നിരക്കിൽ പലിശ കൊടുക്കേണ്ടതായി വന്നു.

ആഭ്യന്തരനിയന്ത്രണസംവിധാനം ഫലപ്രദമല്ലാതിരുന്ന ഒരു സാഹചര്യത്തിലാണ് വാർഷികകണക്കുകൾ ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയെ പ്രതിഫലിപ്പിക്കാതിരുന്നതും വിശേഷണങ്ങളില്ലാത്ത ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കാതിരുന്നതും എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. പദ്ധതി ആസൂത്രണവേളയിൽ തനതുചുമതലകളിൽ ഉൾപ്പെടാത്ത പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയതും ഗ്രാമപഞ്ചായത്തിന്റെ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. പദ്ധതി ആസൂത്രണത്തിന്റെ ഒരു ഘട്ടത്തിൽപോലും ഇത്തരം വസ്തുതകൾ ശ്രദ്ധയിൽപ്പെടാതിരുന്നതിനാലും വരവുചെലവ് കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിലെ അലംഭാവം മൂലവും പലിശയിനത്തിൽ ആകെ 723324/-രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ പ്രോജക്ടുകളുടെ ആസൂത്രണം മുതൽ നിർവഹണം വരെയുള്ള ഓരോ ഘട്ടത്തിലും ജാഗ്രത പുലർത്തുന്നതിനും ധനകാര്യപത്രിക കൃത്യമായി തയ്യാറാക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ചെലവുകൾക്ക് മുൻകൂറുകൾ അനുവദിച്ചത് ക്രമപ്രകാരമല്ല

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ 2018-2019 വർഷത്തെ ടെലഫോൺ ചാർജ്, വൈദ്യുത ചാർജ് തുടങ്ങിയ കണ്ടിജന്റ് ചെലവുകൾക്കായി ഗ്രാമപഞ്ചായത്തിൽനിന്ന് ആകെ 188550/-രൂപ മുൻകൂർ അനുവദിച്ചിരുന്നു. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഏതാനും കാര്യങ്ങൾക്കല്ലാതെ, ഭാവിയിൽ ചെലവുവരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കുവാൻ പാടില്ലെന്ന് GO(P) 177/2006/ഫിൻ തീയതി 12.4.2006 പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ യഥാർത്ഥ ബില്ലുകളുടെ അടിസ്ഥാനത്തിൽ അല്ലാതെ മുൻകൂറായി തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ഇത്തരം കണ്ടിജന്റ് ചെലവുകൾക്കു പുറമേ സ്ഥാപനങ്ങളിലെ സ്റ്റേഷനറി/ പ്രിന്റിംഗ് ജോലികൾ/ യാത്രച്ചെലവുകൾക്ക് തുക ചെലവഴിച്ചതായാണ് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ സ്ഥിതിചെയ്യുന്ന എൽഎസ്ജിഡി അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെയുള്ള നിർവഹണോദ്യോഗസ്ഥർ മുൻകൂർ ക്രമീകരിക്കുന്നതിനുള്ള അപേക്ഷയിൽ പ്രതിപാദിച്ചിട്ടുള്ളത്. എന്നാൽ

മുൻകൂറിന്റെ നല്ലൊരുശതമാനം തുക വർഷാവസാനം തിരികെ ഒടുക്കിയ ഉദ്യോഗസ്ഥരുമുണ്ട്. നിർവഹണോദ്യോഗസ്ഥർക്കു കൈമാറിയ മുൻകൂറിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അനുവദിച്ച മുൻകൂർ | ചെലവഴിച്ച തുക | തിരികെ ഒടുക്കിയത് | കുറിപ്പുകൾ |
|---|---|---|---|---|
| എ.ഇ, എൽ.എസ്.ജി.ഡി | 25000 | 25000 | - | വൗച്ചർ നമ്പർ- 23837/20.7.2018 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 10000 | 10000 | | വൗച്ചർ നമ്പർ- 23838/20.7.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 30000 | 12076 | 17924 | വൗച്ചർ നമ്പർ- 23839/20.7.2018 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 13600 | 8920 | 7580 | വൗച്ചർ നമ്പർ- 23840/20.7.2018 |
| ഹെഡ്മാസ്റ്റർ, ഗവ.വെൽഫെയർ എൽ.പി.എസ്. പനയ്ക്കവയൽ | 9000 | 9000 | - | വൗച്ചർ നമ്പർ- 53016/3.8.2018 |
| ഹെഡ്മാസ്റ്റർ, ഗവ.വെൽഫെയർ എൽ.പി.എസ്. നെട്ടുങ്കാവുവയൽ | 10000 | 9900 | 100 (ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു.) | വൗച്ചർ നമ്പർ- 53017/3.8.2018 |
| വെറ്ററിനറി സർജൻ | 20000 | 19992 | 8 | 53018/3.8.2018 |
| ഹെഡ്മാസ്റ്റർ, ഗവ.വെൽഫെയർ എൽ.പി.എസ്. മുട്ടപ്പള്ളി | 9500 | 9500 | | 53019/3.8.2018 |
| ഹെഡ്മാസ്റ്റർ, ഗവ.വെൽഫെയർ | 9750 | 4400 | 5350 | 53020/3.8.2018 |

| | | | | |
|---|---|---|---|---|
| എൽ.പി.എസ്. തുമരംപാറ | | | | |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്. ചേനപ്പാടി | 11600 | 11600 | - | 53021/3.8.2018 |
| ഹെഡ്മാസ്റ്റർ, എം.ജി.എം. ഗവ. എൽ.പി.എസ്. പാണപിലാവ് | 5100 | 5100 | - | 53022/3.8.2018 |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. കാളകെട്ടി | 10000 | 9000 | 1000 | 53023/3.8.2018 |
| കൃഷി ഓഫീസർ | 25000 | 25000 | - | 23669/28.9.2018 |
| ആകെ | 188550 | 159488 | 31962 | |

ആയതിനാൽ കണ്ടിജന്റ് ചെലവുകൾക്ക് പ്രധാന ശീർഷകം/ഉപശീർഷകം തിരിച്ചുള്ള ബജറ്റ് വകയിരുത്തലിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ ചെലവിലേക്കായി മാത്രം തുക അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-24 കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ - എസ് 42/19

നിർവഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

| ധനസ്രോതസ് | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് | 1200000 | 1199950 |
| ഗുണഭോക്തൃവിഹിതം | 1200000 | 1200000 |
| ആകെ | 2400000 | 2399950 |

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം എന്ന പ്രോജക്ട് നടപ്പാക്കുന്നതിന് ഗുണഭോക്തൃവിഹിതമിനത്തിൽ 1200000 രൂപ മാത്രമാണ് ഈടാക്കേണ്ടിയിരുന്നതെങ്കിലും 1690800രൂപയാണ് ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കിയത്. ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃവിഹിതമിനത്തിൽ അധികമായി

ഒടുക്കിയ 490800 രൂപ നിർവഹണ ഉദ്യോഗസ്ഥന് തിരികെ കൈമാറിയെങ്കിലും ആയത് ഗുണഭോക്താക്കൾക്ക് തിരികെ വിതരണം ചെയ്തിരുന്നില്ല. പകരം പ്രസ്തുത തുകയ്ക്കുള്ള കാലിത്തീറ്റ വാങ്ങി വിതരണം ചെയ്തതായാണ് നിർവഹണോദ്യോഗസ്ഥൻ ഇതു സംബന്ധിച്ച 14/17.10.2019 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. അംഗീകൃത പ്രോജക്ടിലെ അടങ്കൽ തുകയിൽ നിന്ന് വ്യതിചലിച്ച് ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതും കൂടുതൽ കാലിത്തീറ്റ വാങ്ങിയതും പ്രോജക്ട് നിർവഹണത്തിലെ അപാകതയാണ്. സാമ്പത്തിക വർഷാവസാനം തിരക്കിട്ട് പ്രോജക്ട് നടപ്പാക്കുന്നതിനാൽ ശരിയായ രീതിയിൽ മോണിട്ടർ ചെയ്യുന്നതിന് സ്റ്റാൻഡിംഗ് കമ്മിറ്റികൾക്കോ, വർക്കിംഗ് ഗ്രൂപ്പുകൾക്കോ, ഭരണസമിതിയ്ക്കോ സാധിച്ചില്ലെന്നത് വ്യക്തമാണ്.

പ്രോജക്ടിന്റെ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് പ്രോജക്ട് കലണ്ടറിന് അനുസൃതമായിരുന്നില്ല. വർഷാവസാനമാണ് ഗുണഭോക്തൃവിഹിതത്തിന്റെ ഭൂരിഭാഗവും പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരുന്നത്. ഗുണഭോക്തൃവിഹിതത്തിന്റെ വിശദാംശങ്ങൾ കാഷ്ബുക്കിൽ രേഖപ്പടുത്തിയിരുന്നുമില്ല. കൂടാതെ, പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം സമയബന്ധിതമായി ഗ്രാമപഞ്ചായത്തിൽ ഒടുക്കാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. കളക്ഷൻ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വെറ്ററിനറി ക്ലിനിക്കിലെ ധനവിനിമയം സുതാര്യമായിരുന്നില്ലെന്നത് വ്യക്തമാക്കുന്നു (ഖണ്ഡിക 1-8 കാണുക).

ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകളിൽ കേരളാ ഫീഡ്സിന്റെ ബില്ലുകളുമായി പൊരുത്തപ്പെടുന്ന രീതിയിൽ കൈപ്പറ്റുവിവരം രേഖപ്പടുത്തി സൂക്ഷിച്ചിരുന്നില്ല. മേൽ കാരണങ്ങളാൽ 2399950/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പ്രോജക്ടുകൾ കൂടുതൽ കൃത്യതയോടെയും നിയമാനുസൃതമായും നടപ്പാക്കുന്നതിന് നിർവഹണോദ്യോഗസ്ഥരോടൊപ്പം ഭരണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ആയുർവേദ ആശുപത്രിക്ക് ഔഷധങ്ങൾ വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 27/19<br>ആയുർവേദ ആശുപത്രിക്ക് ഔഷധങ്ങൾ വാങ്ങൽ |
| നിർവഹണദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-ആയുർവേദം |
| അടങ്കൽ | 400000/-(എം.ജി.-നോൺ റോഡ്) |
| ചെലവ് | 400000/- |
| ബിൽ നം | 1/18-19/24-11-18 |

ഔഷധിയിൽ നിന്നും ലഭിച്ച ഇൻവോയ്സ് നം. 60919/25.0.18പ്രകാരം 400000/- രൂപ ഔഷധിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 395802/- രൂപയുടെ മരുന്നുകൾ മാത്രമെ ഔഷധിയിൽനിന്നും ലഭിച്ചിട്ടുള്ളു. 4198/-രൂപയുടെ മരുന്നുകൾ ഉടൻ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം8/16-10-19 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആയതിനാൽ 4198/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 2018-19 വർഷത്തെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നല്കിയത് സംബന്ധിച്ച്

കൃഷി ഓഫീസർ നിർവ്വഹിച്ച താഴെപറയുന്ന പ്രോജക്റ്റുകൾ പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളിൽ ഏതാനും പേർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്റ്റ് നം-49/19

| | |
|---|---|
| അടങ്കൽ | 624500 (വികസനഫണ്ട് ജനറൽ)<br>55008 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 623997 (വികസനഫണ്ട്)<br>55008 (ഗുണഭോക്തൃ വിഹിതം) |
| ആകെ | 679005 |

സമഗ്ര പുരയിടകൃഷി വികസനം പ്രോജക്റ്റ് പ്രകാരം 303 ഗുണഭോക്താക്കൾക്ക് നടീൽ വസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്. ആനുകൂല്യം ലഭിച്ചവരിൽ 115പേർ മാത്രമെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളു.

2.പ്രോജക്റ്റ് നം-77/19

ഇടവിള കൃഷി വികസനം (എസ്. സി-വനിതകൾക്ക്)

| | |
|---|---|
| അടങ്കൽ | 600000 (എസ് സി പി) |
| ചെലവ് | 147636 (എസ് സി പി) |

പ്രോജക്റ്റ് പ്രകാരം 36 ഗുണഭോക്താക്കൾക്ക് നടീൽ വസ്തുക്കളുടെ കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ 3 ഗുണഭോക്താക്കൾ മാത്രമെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളു.

മേൽ പ്രസ്താവിച്ചതു പ്രകാരം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നല്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ്

എൻക്വയറി നം10നല്കിയതിന് ടി പ്രോജക്റ്റുകൾ സംബന്ധിച്ച് വ്യാപകമായ പ്രചാരണം നടത്തിയെങ്കിലും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട കുറച്ചുപേർ മാത്രമാണ് ഗുണഭോക്തൃ വിഹിതം അടച്ച് അപേക്ഷകൾ ഹാജരാക്കിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃ ലിസ്റ്റ് പുതുക്കി ഗ്രാമസഭയിൽ അംഗീകരിക്കാൻ ഗ്രാമപഞ്ചായത്ത് കമ്മറ്റിയിൽ തീരുമാനമെടുക്കുകയും ചെയ്തെങ്കിലും തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലനിന്നിരുന്നതിനാൽ ഗ്രാമസഭ കൂടി അംഗീകരിക്കാനായില്ലെന്നും മറുപടിയിൽ പറയുന്നു. 20-10-2019 മുതലുള്ള വിവിധ ഗ്രാമസഭകളിൽ ടി വിഷയം അജണ്ടയായി ഉൾപ്പെടുത്തി തയ്യാറാക്കിയ നോട്ടിസ് മറുപടിക്കൊപ്പം ഹാജരാക്കിയിട്ടുണ്ട്. വളരയധികം കർഷകരുള്ള ഗ്രാമപഞ്ചായത്തിൽ പരമാവധി പ്രയോജനം ലഭിക്കുന്ന വിധം ടി പ്രോജക്റ്റുകൾ നടപ്പാക്കിയതായി കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്.

ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ അംഗീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നതുവരെ രണ്ട് പ്രോജക്ടുകളുടെയും ആകെ ചെലവ് തുകയായ 826641/- രൂപ (679005 + 147636) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല,തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | 64/19 പാലിയേറ്റീവ് കെയർ |
| നിർവഹണദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി |
| അടങ്കൽ | 1000000/ |
| ചെലവ് | 950000/- |

പാലിയേറ്റവ് കെയർ പ്രോജക്റ്റിനായി വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി താഴെകാണുന്ന തുകകൾ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല.

| ഇൻവോയ്സ് നം. | തുക | ബിൽ നം |
|---|---|---|
| 1.PRF 3566/27-12-18 | 450000/-ബ്ലോക്ക് വിഹിതം | ചെക്ക് നം-6150394/14-19 |
| PRF5620/23-03-19 | Rs-101800/- | ബിൽ നം.8/18-19<br>തീയതി 23-03-19 |

മേൽ തുകയുടെ കൈപ്പറ്റ് വിവരങ്ങൾ ലഭിച്ചിട്ടില്ല. ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. 2018-19 വർഷത്തിലും തുടർന്നും പാലിയേറ്റീവ്

മാനേജിംഗ് കമ്മറ്റികൂടിയിട്ടില്ല ആയതിനാൽ ഇത്തരത്തിലുള്ള അപാകതൾ പരിഹരിക്കുന്നതിന് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്ന് കാണുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ ടി ഇനത്തിലുള്ള ആകെ ചെലവ് 551800/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ലൈഫ് പദ്ധതി (ജനറൽ)-ഭവനനിർമ്മാണം വാസയോഗ്യമായ വിധം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 28/19<br>ലൈഫ് ഭവനനിർമ്മാണം (ജനറൽ) |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 680,00,000/- |
| ചെലവ് | 31879464 |

'ടി പ്രോജക്റ്റ് പ്രകാരം ഭവനനിർമാണത്തിനായി കരാർ വെച്ച 100 ഗുണഭോക്താക്കളിൽ ധനസഹായം ലഭിച്ച 73 പേർ ഭവനനിർമ്മാണം പൂർത്തിയാക്കി. താഴെപറയുന്ന 27ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാനുണ്ട്

| ക്രമ നം | ഗുണഭോക്താവ് | നാളിതുവരെ ലഭിച്ച തുക | ആദ്യഗഡു ലഭിച്ച തീയതി | പൂർത്തീകരിച്ച ഘട്ടം |
|---|---|---|---|---|
| 1 | നസീമ, മേപ്പുറത്ത്,എരുമേലി പി.ഒ | 360000 | 26/05/18 | ഭിത്തി |
| 2 | അൻസൽ.എസ്, പുത്തൻവീട്ടിൽ, മുട്ടപ്പള്ളി പി.ഒ | 360000 | 26/05/18 | മേൽക്കൂര |
| 3 | വൽസമ്മ വാസുദേവൻ കോനാലിൽ,ചേനപ്പാടി പി.ഒ | 360000 | 26/05/18 | മേൽക്കൂര |
| 4 | രഞ്ജിത്ത്കൗർ,വാഴെപ്പറമ്പിൽ, ഇടക്കടഞ്ഞി പി.ഒ | 360000 | 26/05/18 | മേൽക്കൂര |
| 5 | റഷീദ അനസ്സ്, പുത്തൻപറമ്പിൽ, കനകപ്പലം.പി.ഒ | 360000 | 26/05/18 | ഭിത്തി |

| | | | | |
|---|---|---|---|---|
| 6 | റേച്ചൽ.സി, ചെറ്റേടത്ത്<br>പമ്പാവാലി.പി.ഒ | 360000 | 26/05/18 | ഭിത്തി |
| 7 | അനിൽ പി.സി,പുത്തൻപുരയ്ക്കൽ<br>ചേനപ്പാടി പി.ഒ | 360000 | 26/05/18 | മേൽക്കൂര |
| 8 | ഏലിക്കുട്ടി തോമസ്, അടിമാക്കൽ<br>മുട്ടപ്പള്ളി പി.ഒ | 360000 | 11/07/18 | മേൽക്കൂര |
| 9 | അമ്മിണി, പുതുപ്പറമ്പിൽ<br>എരുമേലി പി.ഒ | 360000 | 13/07/18 | മേൽക്കൂര |
| 10 | രാധാമണി, ഇടവളഞ്ഞിയിൽ,<br>ഇടകടത്തി പി.ഒ | 360000 | 13/07/18 | മേൽക്കൂര |
| 11 | പെണ്ണമ്മപൊടിയൻ, കണിയാത്ത്,<br>കനകപ്പലം പി.ഒ | 360000 | 30/07/18 | ഭിത്തി |
| 12 | രമാ സജി,<br>പടിഞ്ഞാറെ തടത്തിൽ,<br>കനകപ്പലം പി.ഒ | 360000 | 30/07/18 | മേൽക്കൂര |
| 13 | സുനിത റ്റിജു, മാളികവീട്,<br>കനകപ്പലം പി.ഒ | 360000 | 30/07/18 | ഭിത്തി |
| 14 | ബിന്ദു മധു, പുത്തൻപുരയ്ക്കൽ,<br>ചേനപ്പാടി പി.ഒ | 360000 | 30/07/18 | മേൽക്കൂര |
| 15 | രമണി കൃഷ്ണൻകുട്ടി,<br>മൈലാടും പാറയിൽ<br>കനകപ്പലം പി.ഒ | 360000 | 30/07/18 | മേൽക്കൂര |
| 16 | രമണി സോമൻ,<br>കൈതകുഴിവേലിൽ, | 360000 | 10/08/18 | മേൽക്കൂര |

| | | | | |
|---|---|---|---|---|
| | കനകപ്പലം പി.ഒ. | | | |
| 17 | ഭാനുമതി ഗോപി,<br>പോളയിൽ, പുഞ്ചവയൽ പി.ഒ | 360000/- | 10/08/18 | മേൽക്കൂര |
| 18 | മേരി ജോൺ, കൊറ്റംചിറ<br>പുഞ്ചവയൽ | 360000/- | 27/09/18 | മേൽക്കൂര |
| 19 | സൈനബാ ഹനീഷ്, വെച്ചൂരാത്ത്,<br>ചേനപ്പാടി പി.ഒ | 360000/- | 27/09/18 | മേൽക്കൂര |
| 20 | രാജമ്മ, ഏകുവത്ത്<br>കനകപ്പലം പി.ഒ | 360000/- | 25/06/19 | മേൽക്കൂര |
| 21 | പൊന്നമ്മ ജോസഫ്,<br>കൈപ്പൻപ്ലാക്കൽ,<br>എരുമേലി.പി.ഒ, നേർച്ചപ്പാറ | 360000/- | 25/06/19 | മേൽക്കൂര |
| 22 | വിനോദിനി,ആനക്കുഴിയിൽ<br>മുട്ടപ്പള്ളി പി.ഒ | 240000/- | 13/02/19 | ഭിത്തി |
| 23 | നൗജാമോൾ, പേഴേത്തും കാട്ടിൽ,<br>കനകപ്പലം പി.ഒ | 300000/- | 13/02/19 | ഭിത്തി |
| 24 | ലൈലാ ബീവി, കൈതയ്ക്കൽ വീട്,<br>എരുമേലി പി.ഒ | 300000/- | 13/02/19 | മേൽക്കൂര |
| 25 | ഷൈലാ കബീർ, പുത്തൻപ്ലാക്കൽ,<br>കണ്ണിമല പി.ഒ | 300000/- | 13/02/19 | മേൽക്കൂര |
| 26 | അഞ്ജു കെ .എം. കലത്തിക്കാട്ട്<br>കനകപ്പലം പി.ഒ | 300000/- | 13/02/19 | മേൽക്കൂര |
| 27 | റജീന റസാക്ക്, നാലുവാവുംകൽ<br>എരുമേലി.പി.ഒ | 300000/- | 13/02/19 | മേൽക്കൂര |

മേൽ പ്രസ്താവിച്ച ഗുണഭോക്താക്കൾക്ക് ബാക്കി തുക അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരികരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്

## 1-29 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 45/19<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 600000/- |
| ചെലവ് | 300000/- |

5 ഗുണഭോക്താക്കൾക്ക് 100000/- രൂപ വീതം പഠനമുറി നിർമ്മാണത്തിനായി ധനസഹായം നൽകുന്നതിനായുള്ള പ്രോജക്റ്റ് പ്രകാരം പഠനമുറി നിർമ്മാണത്തിനായി അഭിലാഷ് കെ.കെ, കിഴക്കനേത്ത്, ചേനപ്പാടി പി.ഒ എന്ന ഗുണഭോക്താവിന് 50000/- രൂപ ബിൽ നം.14/18-19 തീയതി 11-03-19 പ്രകാരം നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പഠനമുറിനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം.13 തീയതി 13.10.2018 നൽകി. നിർമ്മാണപ്രവർത്തനങ്ങൾ ഒരു മാസത്തിനകം പൂർത്തികരിക്കുന്നതാണെന്ന മറുപടി ലഭിച്ചിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതുവരെ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകൽ- നടപടിക്രമങ്ങളിലെ അപാകത മൂലം അധികചെലവ്

നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫണ്ടിനം | ചെലവ് തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|---|
| 22/19 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകൽ | അസി.സെക്രട്ടറി | ടി.എസ്.പി | 285600/ | 4/ 4.10.18 |

| | | | | |
|---|---|---|---|---|
| 47/19 പട്ടികജാതി, വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകൽ | അസി.സെക്രട്ടറി | എസ്.സി.പി | 466000/ | 8/3.1.19 |

1) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പ്രത്യേകം പ്രത്യേകം ടെൻഡർ ക്ഷണിക്കുകയാണ് ചെയ്തത്. പ്രോജക്ട് നം 22/19 ന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞനിരക്ക് 20400/രൂപ ക്വോട്ട് ചെയ്തത് ഓർക്കിഡ് കമ്പ്യൂട്ടേഴ്സ്, മുണ്ടക്കയം എന്ന സ്ഥാപനമാണ്. പ്രോജക്ട് നം 47/19 ന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞനിരക്ക് 23300/രൂപ ക്വോട്ട് ചെയ്തത് ഗ്ലോബൽ ലിങ്ക്സ് ചെങ്ങന്നൂർ എന്ന സ്ഥാപനമാണ്. ഒരു നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ നടപ്പാക്കുന്ന ഒരേ തരം പർച്ചേസിന് വ്യത്യസ്ത ക്വട്ടേഷനുകൾ ക്ഷണിച്ചുമൂലം അധികചെലവ് ഉണ്ടായതായി കാണുന്നു. പ്രോജക്ട് നം 47/19 ന് പ്രോജക്ട് നം 22/19 നേക്കാൾ ലാപ്ടോപ് ഒന്നിന് 2900/രൂപ (23300-20400) അധികചെലവ് ഉണ്ടായി

2)ലാപ്ടോപ്പുകൾ വിതരണം ചെയ്ത വിദ്യാർത്ഥികളുടെ പഠിക്കുന്ന സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ ലാപ്ടോപ് വിതരണം ചെയ്തതിനുമുൻപ് പഠിച്ചിരുന്ന കോഴ്സ് കാലാവധി കഴിഞ്ഞതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ വിവരം | വിദ്യാർത്ഥിയുടെ വിവരം | റിമാർക്സ് |
|---|---|---|---|
| 1 | 22/19 ടി.എസ്.പി | ജ്യോതിലാൽ.പി, പാറപ്പള്ളിൽ | എൈ.എച്ച്.ആർ.ഡി കോളേജ് കാഞ്ഞിരപ്പള്ളി കോളേജിൽ നിന്നുള്ള സർട്ടിഫിക്കറ്റ് പ്രകാരം 2015-18 അക്കാഡമിക് വർഷത്തിൽ ബി-കോം ഫൈനൽ ഇയർ വിദ്യാർത്ഥിയാണ്. ഇത് പ്രകാരം 2018 മാർച്ചിൽ കോഴ്സ് അവസാനിക്കും |
| 2 | 22/19 ടി.എസ്.പി | അനീഷ്.എ.വി, ആഞ്ഞിലിമൂട്ടിൽ | മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നിന്നുള്ള സർട്ടിഫിക്കറ്റ് പ്രകാരം 2016-18 അക്കാഡമിക് വർഷത്തിൽ എം.എ. വിദ്യാർത്ഥിയാണ്. ഇത് പ്രകാരം 2018 |

| | | | |
|---|---|---|---|
| | | | മാർച്ചിൽ കോഴ്സ് അവസാനിക്കും |
| 3 | 47/19എസ്.സി.പി | അലീഷ റെജി, തോപ്പിൽ | എം.ജി യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം 2014ൽ അഡ്മിഷൻ നേടിയ ബി എസ് സി മെഡിക്കൽ ലബോറട്ടറി വിദ്യാർത്ഥിനിയാണ്. |
| 4 | 47/19എസ്.സി.പി | അനന്തു.പി.ആർ, പുതുപ്പറമ്പിൽ | സെന്റ്.ആന്റണീസ് കോളേജ്, മുക്കൂട്ടുതറയിൽ നിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം മൂന്നാം വർഷ ബി-കോം വിദ്യാർത്ഥിയാണ്. കോഴ്സ് കാലാവധി 2016-18 ആണ്. സർവ്വകലാശാലയിലെ രജിസ്ട്രേഷൻ വിവരം ഹാജരാക്കിയിട്ടില്ല. |
| 5 | 47/19എസ്.സി.പി | അഞ്ജിത റ്റി.എസ്, തടത്തിൽ | ധന്വന്തരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാ മെഡിക്കൽ സയൻസ് തൊടുപുഴയിൽ നിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റിൽ കോഴ്സ് ഡ്യൂറേഷൻ, സർട്ടിഫിക്കറ്റ് നൽകിയ തീയതി എന്നിവയൊന്നും ഇല്ല. ഏതെങ്കിലും സർവകലാശാലയിൽ പരീക്ഷയ്ക്ക് രജിസ്ട്രേഷൻ നടത്തിയതിന്റെ വിവരം ഫയലിൽ ഇല്ല. |
| 6 | 47/19എസ്.സി.പി | അനുരാജ് കെ.എസ്, കരിക്കുന്നേൽ | സെന്റ്.മേരീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ എന്ന സ്വകാര്യ എെ.ടി.എെയിൽ നിന്നുള്ള സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്. 30.01.18ൽ നൽകിയ സർട്ടിഫിക്കറ്റിൽ കോഴ്സ് കാലാവധി രേഖപ്പെടുത്തിയിട്ടില്ല. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട് |

| | | | |
|---|---|---|---|
| | | | മെന്റ് നടത്തുന്ന പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 7 | 47/19എസ്.സി.പി | ബിനിതാ പി.രാജ്, പുതുപ്പറമ്പിൽ | സെന്റ്.തോമസ് കോളേജ് റാന്നിയിൽനിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം 2016-18 അക്കാഡമിക് വർഷത്തിൽ എം.കോം വിദ്യാർത്ഥിനിയാണ്. ഇത് പ്രകാരം 2018 മാർച്ചിൽ കോഴ്സ് അവസാനിക്കും |
| 8 | 47/19എസ്.സി.പി | ജയശ്രീ വി.സുരേഷ്, വേങ്ങമൂട്ടിൽ | ഗവൺമെന്റ് കോളേജ് കോട്ടയത്തുനിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം 29.09.2014 മുതൽ ജനറൽ നഴ്സിംഗ് & മിഡ് വൈഫറി കോഴ്സിന് പഠിച്ചിരുന്നു എന്നാണ് കാണിച്ചിട്ടുള്ളത്. കോഴ്സ് കാലാവധി 3.5 വർഷമാണ്. 26.02.19 ലെ മറ്റൊരു സർട്ടിഫിക്കറ്റ് പ്രകാരം 3.05.18 വരെ സ്ഥാപനത്തിൽ പഠിച്ചിരുന്നു എന്നാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. |

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/18-19/ 16.10.19 ന് ലഭ്യമാക്കിയ മറുപടിയിൽ ടി.എസ്.പി. പ്രോജക്ടിന് വകയിരുത്തൽ കുറവായതിനാൽ സാധാരണ ടെൻഡറും എസ്.സി.പി പ്രോജക്ടിന് വകയിരുത്തൽ കൂടുതലായതിനാൽ ഇ-ടെൻഡറും ക്ഷണിക്കുകയാണ് ഉണ്ടായത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഇത് അംഗീകരിക്കാവുന്നതല്ല. ഒരു നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ ഒരേതരം വാങ്ങൽ പ്രക്രിയയ്ക്ക് ഒരുമിച്ച് ഇ-ടെൻഡർ ക്ഷണിക്കാമായിരുന്നു. മാത്രമല്ല ടി.എസ്.പി പ്രോജക്ടിന് ലഭ്യമായതിലും വിലയിൽ വലിയ വ്യത്യാസം എസ്.സി.പി പ്രോജക്ടിന് വന്ന സാഹചര്യത്തിൽ ടി.എസ്.പി പ്രോജക്ടിന് കരാറിൽ ഏർപ്പെട്ട സ്ഥാപനത്തിൽ നിന്നു തന്നെ അതേ വിലയിൽ എസ്.സി.പി പ്രോജക്ടിന് ആവശ്യമായ എണ്ണം ലാപ് ടോപ്പുകൾ ലഭിക്കാനുള്ള സാധ്യത പരിശോധിച്ചിട്ടില്ല. നടപടിക്രമങ്ങളിലെ വീഴ്ചമൂലം ലാപ് ടോപ്പ്

ഒന്നിന് 2900/രൂപ വച്ച് 26 ലാപ് ടോപ്പുകൾക്കായി 75400/രൂപ അധികചെലവ് ഉണ്ടായിട്ടുണ്ട്. അധികമായി ചെലവഴിച്ച 75400/രൂപ നിരാകരിക്കുന്നു

2) ഓഡിറ്റ് എൻക്വയറി നമ്പർ 4/18-19/ 16.10.19 ന് ലഭ്യമാക്കിയ മറുപടിയിൽ അപേക്ഷകരിൽ പലരും മുൻ വർഷങ്ങളിൽ അർഹത നേടിയിട്ടുള്ളവരും ആനുകൂല്യം ലഭിക്കാത്തവരുമാണ് എന്നാണ്. അത്തരം ഗുണഭോക്താക്കൾക്ക് തൻവർഷം ആനുകൂല്യം നൽകുമ്പോൾ ഉപരിപഠനം നടത്തുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതും ആയതിന്റെ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതുമായിരുന്നു. അപ്രകാരം ചെയ്തിട്ടില്ല. ആയതിനാൽ കോഴ്സ് കാലാവധി കഴിഞ്ഞ ഗുണഭോക്താക്കൾ ഉപരിപഠനം നടത്തുന്നതിന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ടി.എസ്.പി.ഫണ്ടിൽ നിന്നും രണ്ട് ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 40800/രൂപയും, എസ്.സി.പി. ഫണ്ടിൽ നിന്നും ആറ് ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 139800/രൂപയും ഉൾപ്പടെ 180600/രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജിൽ പഠിക്കുന്നതിനുള്ള ധനസഹായം- രേഖകൾ ലഭ്യമല്ല- തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫണ്ടിനം | ചെലവ് തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|---|
| 23/19 പട്ടികവർഗ്ഗ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളജുകളിൽ പഠിക്കുന്നതിനുള്ള ധനസഹായം | അസി.സെക്രട്ടറി | ടി.എസ്.പി | 75000/ 40000 | 5/23.11.18- 11/19/22.2.19 |

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളജുകളിൽ പഠിക്കുന്നതിനുള്ള ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് പ്രകാരം ധനസഹായം അനുവദിച്ച അനീഷ്.എ.വി, ആഞ്ഞിലിമൂട്ടിൽ ഹാജരാക്കിയ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നിന്നുള്ള സർട്ടിഫിക്കറ്റ് പ്രകാരം 2016-18 അക്കാഡമിക് വർഷത്തിൽ എം.എ. വിദ്യാർത്ഥിയാണ്. ഇത് പ്രകാരം 2018 മാർച്ചിൽ കോഴ്സ് അവസാനിക്കും. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-5/18-19/16.10.19 ന് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താവ് ഉപരിപഠനം നടത്തുന്നതിന്റെ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ

സാഹചര്യത്തിൽ ഗുണഭോക്താവിന് നൽകിയ 20000/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്താവ് ഉപരിപഠനം നടത്തുന്നതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 സാനിട്ടറി നാപ്കിൻ (ഷീപാഡ്) പ്രോജക്ട് നടത്തിപ്പിലെ അപാകത സംബന്ധിച്ച്

പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | ഫണ്ടിനം | ചെലവ് തുക | ബിൽ നമ്പർ/ വൗച്ചർ നമ്പർ, തീയതി |
|---|---|---|---|
| 233/19, സാനിട്ടറി നാപ്കിൻ (ഷീപാഡ്) ബാലൻസ് തുക നൽകൽ | തനത്ഫണ്ട് | 91141 | വൗച്ചർ നമ്പർ, 342/18-19/ 7.12.18 |
| 256/19 സാനിട്ടറി നാപ്കിൻ (ഷീപാഡ്) | വികസനഫണ്ട് | 50000 | 1/19/ 1.7.18 |

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ട് നടത്തിപ്പിനായി കേരള സംസ്ഥാന വനിത വികസന കോർപ്പറേഷനുമായി 30.03.2017 ൽ ഏർപ്പെട്ട 1/17 നമ്പർ എഗ്രിമെന്റ് പ്രകാരം (പ്രോജക്ട് നമ്പർ 303/17 / അഡ്വാൻസ് തുക 50000) 7 പാഡുകൾ ഉൾപ്പെടുന്ന ഒരു പായ്ക്കറ്റിന് 13 രൂപയാണ് വില. എന്നാൽ പാഡുകൾ വിതരണം ചെയ്ത് ബിൽ ഹാജരാക്കിയപ്പോൾ എഗ്രിമെന്റിൽ പറഞ്ഞിരുന്നതിലും അധികം വില (പായ്ക്കറ്റ് ഒന്നിന് 13.62രൂപ) നൽകിയതായി കാണുന്നു. പാഡ് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിതരണം ചെയ്ത സ്കൂളിന്റെ പേര് | എണ്ണം | നൽകിയ തുക | 13രൂപ പ്രകാരം നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| വാവർ മെമ്മോറിയൽ സ്കൂൾ എരുമേലി | 1040 | 14165 | 13520 | 645 |
| സെന്റ്.തോമസ്, എച്ച്.എസ്.എരുമേലി | 4600 | 62652 | 59800 | 2852 |
| തിരുവള്ളൂർ എച്ച്.എസ്, മുട്ടപ്പള്ളി | 220 | 2996 | 2860 | 136 |

| | | | | |
|---|---|---|---|---|
| | | | | |
| ആകെ | | | | 3633 |

എഗ്രിമെന്റിൽ കാണിച്ചിട്ടുള്ളതിൽ അധികം തുക നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം7/18-19/ 16.10.2019 ന് ലഭ്യമാക്കിയ മറുപടിയിൽ വനിത വികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട് അപാകത പരിഹരിച്ച് അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-33 പുതിയ എൽ.ഇ.ഡി, സി.എഫ്.എൽ ട്യൂബ് സെറ്റ് തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും (247/19) പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് വിശകലനം

| പ്രോജക്ട് നമ്പർ /പേര് | ഫണ്ടിനം | ചെലവ് തുക | ബിൽനമ്പർ/ തീയതി |
|---|---|---|---|
| 247/19, പുതിയ എൽ.ഇ.ഡി, സി.എഫ്.എൽ ട്യൂബ് സെറ്റ് തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 654656 | 38/11.03.19 |

സെക്രട്ടറി നിർവ്വഹണം നടത്തിയ ടി പ്രോജക്ടിന് 28.12.17 ൽ A3/ 8579/17നമ്പരായി ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്തത് Pneuma lightings കോട്ടയം (1696 രൂപ) എന്ന സ്ഥാപനമാണ്. 27.02.18 ലെ 6 (1) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മറ്റി ടെൻഡർ അംഗീകരിക്കുകയും 03.03.2018 ലെ എ 3-8579/17 നമ്പർ ഉത്തരവിലൂടെ സെക്രട്ടറി 386 ട്യൂബ് ലൈറ്റ് സെറ്റിന് പർച്ചേസ് ഓർഡർ നൽകുകയും ചെയ്തു. 31.01.2019 ൽ സ്ഥാപനം ലഭ്യമാക്കിയ കത്തിൽ 386 സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നും ആയതിന്റെ വിലയായ 654656രൂപ നൽകണമെന്നും ആവശ്യപ്പെട്ടു. കത്തിനൊപ്പം സ്ട്രീറ്റ് ലൈറ്റുകൾ വിവിധ വാർഡുകളിൽ സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ വാർഡ് അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ബിൽനമ്പർ 38/11.03.19പ്രകാരം 654656രൂപ പിൻവലിച്ച് നൽകുകയും ചെയ്തു. സ്ഥാപനം ലഭ്യമാക്കിയ സ്ട്രീറ്റ് ലൈറ്റുകൾ വിവിധ വാർഡുകളിൽ സ്ഥാപിച്ചതിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് പരിശോധിച്ചതിൽ ആകെ 218 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ മാത്രമാണ് ഫയലിൽ ഉള്ളത്. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/2015 നമ്പർ ഉത്തരവിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പടെ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള രജിസ്റ്റർ നാളിതുവരെ തയ്യാറാക്കിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം

ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/18.10.19ന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള രജിസ്റ്റർ തയ്യാറാക്കാതെ 386 സ്ട്രീറ്റ് ലൈറ്റുകൾ ഏതൊക്കെ സ്ഥലത്ത്/ ഏതൊക്കെ പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനാണ് വാങ്ങുവാൻ തീരുമാനിച്ചത് എന്ന് വ്യക്തമാക്കിയിട്ടില്ല. വാർഡുമെമ്പർമാർ ആവശ്യപ്പെട്ടതിൻ പ്രകാരമാണ് വാങ്ങിയത് എന്നാണ് അറിയിച്ചത്. വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെ സ്ഥാപനം ലഭ്യമാക്കിയ വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് പ്രകാരം 218 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 168 സ്ട്രീറ്റ് ലൈറ്റുകൾ (386- 218) സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 284928/ (654656- 369728) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/2015 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടെ വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പടെ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമാണ്.

## 1-34 പ്രോജക്ട് നമ്പർ 63/19- അംഗനവാടികൾക്ക് ബേബി ഫ്രണ്ട് ലി മേശ ബെഞ്ച് വാങ്ങൾ ടെൻഡർ നടപടികളിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ- ഐസിഡിഎസ് സൂപ്പർവൈസർ

പ്രോജക്ട് വിശകലനം

| പ്രോജക്ട് നമ്പർ /പേര് | ഫണ്ടിനം | ചെലവ് തുക | ബിൽനമ്പർ/ തീയതി |
|---|---|---|---|
| 63/19, അങ്കണവാടികൾക്ക് ബേബി ഫ്രണ്ട്ലി മേശ ബെഞ്ച് വാങ്ങൽ | വികസന ഫണ്ട് | 255000 | 21/25.03.19 |

പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ചതിൽ അഞ്ച് ടെൻഡറുകൾ ലഭിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ടെൻഡർ സമർപ്പിച്ച സ്ഥാപനം | ക്വോട്ട്ചെയ്ത തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | ഗ്രാഫിക് വിഷൻ മുണ്ടക്കയം | 3815 | 31.10.18 ലെ19(2) നമ്പർ തീരുമാനപ്രകാരം സ്പെസിഫിക്കേഷൻ പാലിച്ചിട്ടില്ല എന്ന സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശുപാർശ പരിഗണിച്ച് നിരസിച്ചു |
| 2 | ഡെൽറ്റ ഉഴവൂർ | 5100 | അംഗീകരിച്ചു |
| 3 | ഒളിമ്പിയ | 7216 | നിരസിച്ചു |

| | | | |
|---|---|---|---|
| | എൻജിനീയേഴ്സ് | | |
| 4 | കെ.എം.ടെക്നോളജീസ്, കോട്ടയം | 7330 | നിരസിച്ചു |
| 5 | തമ്പുരാൻകാലായിൽ ട്രേഡേഴ്സ് | 3871/ 5998 | നിരസിച്ചു |

ഫയൽ പരിശോധിച്ചതിൽ ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത ഗ്രാഫിക് വിഷൻ മുണ്ടക്കയം എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷനിൽ കാണിച്ചിട്ടുള്ളതും 28.07.2018 ലെ ICDS/4/18 നമ്പർ ടെൻഡർ നോട്ടീസിൽ കാണിച്ചിട്ടുള്ള സ്പെസിഫിക്കേഷനും തമ്മിൽ വ്യത്യാസം ഉണ്ടായിരുന്നില്ല എന്നാൽ ടി ക്വട്ടേഷൻ നിരസിക്കുകയും താരതമ്യേന ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത ഡെൽറ്റ ഉഴവൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/18.10.19 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാഫിക് വിഷൻ മുണ്ടക്കയം ഹാജരാക്കിയ മേശയും ബെഞ്ചും സ്പെസിഫിക്കേഷനിൽ നൽകിയതിനേക്കാൾ വലുതും ഉയരം കൂടിയതുമായിരുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്. ഇത് സാമാന്യ യുക്തിക്ക് നിരക്കുന്നതല്ല. മാത്രമല്ല ടെൻഡർ സ്പെസിഫിക്കേഷനിൽ പറഞ്ഞിട്ടുള്ള വലുപ്പത്തിലും, ഉയരത്തിലുമുള്ള ബെഞ്ചും ഡെസ്കും നൽകുന്നതിന് സ്ഥാപനം സന്നദ്ധമാണോ എന്ന് അന്വേഷിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (പ്രൊക്യൂർമെന്റ് മാന്വൽ) ജി.ഒ (പി) 259/10/തസ്വഭവ/ തീയതി 08.11.2010 ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടത്തിയ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. (ഗ്രാഫിക് വിഷൻ മുണ്ടക്കയം ക്വോട്ട് ചെയ്ത തുകയേക്കാൾ (3815രൂപ) ഒരു ബെഞ്ചും ഡെസ്കിനും 1250 രൂപ (5100-3815) നിരക്കിൽ 50 ബെഞ്ചും ഡെസ്കിനുമായി 64250/രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. 64250/രൂപയുടെ അധിക ചെലവ് നിരാകരിക്കുന്നു.

## 1-35 പഞ്ചായത്ത് ഓഫീസ് റീവയറിംഗ് കരാർ ചമയ്ക്കുന്നതിൽ കാലതാമസം-പിഴ ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

<u>പ്രോജക്ട് വിശകലനം</u>

| പ്രോജക്ട് നമ്പർ / പേര് | ഫണ്ടിനം | ചെലവ് തുക | ബിൽനമ്പർ/ചെക്ക് നമ്പർ/ തീയതി |
|---|---|---|---|
| 73/19, പഞ്ചായത്ത് ഓഫീസ് റീവയറിംഗ് | തനത്ഫണ്ട് | 451653 | 1433, 1434, 1435/ 01.03.2019 |

പഞ്ചായത്ത് ഓഫീസ് ഫർണിഷിംഗിന് ശേഷം പഞ്ചായത്ത് ഓഫീസ് റീവയറിംഗ് നടത്തുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിനായി DLTCE (EL) 1/18-7.8.18 പ്രകാരം 500000/ രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചു. പഞ്ചായത്ത് കമ്മറ്റിയുടെ 03.09.18 ലെ 5(1) നമ്പർ തീരുമാനപ്രകാരം ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് ക്വോട്ട് ചെയ്തത് രമേശ്, കെ.എസ്.ഇ.ബി പമ്പാഡാം, എന്നയാളാണ്. ടെൻഡർ അംഗീകരിച്ച വിവരവും സെക്യൂരിറ്റി നിക്ഷേപം ഒടുക്കി പഞ്ചായത്തുമായി കരാറിൽ ഏർപ്പെടണമെന്നും 24.10.2018 ലെ എ3-7264/18 നമ്പർ സെലക്ഷൻ നോട്ടീസിലൂടെ ആവശ്യപ്പെട്ടു. എന്നാൽ ടിയാൾ കരാറിൽ ഏർപ്പെടാത്തതിനാൽ എ3-7264/18 തീയതി 5.11.18 പ്രകാരം നാളിതുവരെ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കാത്തത് ടെൻഡർ വ്യവസ്ഥകളുടെ ലംഘനമാണ് എന്നും അതിനാൽ താങ്കളുടെ സ്വന്തം ഉത്തരവാദിത്വത്തിൽ മറ്റൊരു കരാറുകാരനെക്കൊണ്ട് പ്രവൃത്തി ചെയ്യിക്കുന്നതാണ് എന്നും അറിയിച്ചിരുന്നു. എന്നാൽ പിന്നീട് 12.12.18 ൽ 87/18-19 നമ്പരായി ശ്രീ.രമേശുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെടുകയും പ്രവൃത്തി നടത്തുകയും ചെയ്തിട്ടുണ്ട്. സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാറിൽ ഏർപ്പെടേണ്ടതാണ്. സെലക്ഷൻ നോട്ടീസ് അയച്ച് ഒന്നര മാസത്തിനുശേഷമാണ് കരാർ ചമച്ചത്. ഇത്തരം സന്ദർഭങ്ങളിൽ പി.എ.സിയുടെ 1% പിഴ ഈടാക്കിവേണം കരാറിൽ ഏർപ്പെടുവാൻ. എന്നാൽ പിഴ ഈടാക്കിയതായി കാണുന്നില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/18.10.2019 ന് മറുപടി ലഭ്യമാക്കിയില്ല. പി.എ.സിയുടെ (500000/) 1% തുക 5000/രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-36 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - പി ഡബ്ല്യൂ ഡി യിൽ ഒടുക്കിയ തുകയിൽ ചെലവഴിക്കാത്ത തുക തിരികെ ലഭിച്ചിട്ടില്ല

പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | തുക ഒടുക്കിയ ഏജൻസി | ഒടുക്കിയ തുക/ ഫണ്ടിനം | ബിൽ/ വൗച്ചർ നമ്പർ/ ചെലാൻ നമ്പർ | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യ പത്രം പ്രകാരം) | തിരികെ ലഭിക്കേണ്ട തുക |
|---|---|---|---|---|---|
| 14/19 ശബരിമല തീർത്ഥാടനം-എരുമേലി ടൗണിലും | PWD ഇലക്ട്രോണിക്സ് വിഭാഗം തിരുവനന്തപുരം | 1499805 തനത് ഫണ്ട് | 672/18-19-25.09.18 | 1431225 | 68580 |

| | | | | | |
|---|---|---|---|---|---|
| പരിസരത്തും സിസി ടിവിയും സൗണ്ട് സിസ്റ്റവും സ്ഥാപിക്കൽ | | | | | |
| 72/19 പഞ്ചായത്ത് ഓഫീസ് റീ- നെറ്റ് വർക്കിംഗ് | PWD ഇലക്ട്രോണിക്സ് വിഭാഗം തിരുവനന്തപുരം | 256292 തനത് ഫണ്ട് | 4/ 27.7.18 | 152116 | 104176 |

മേൽ പ്രസ്താവിച്ച പ്രോജക്ടുകൾക്കായി PWD ഇലക്ട്രോണിക്സ് വിഭാഗം തിരുവനന്തപുരം ഓഫീസിൽ ഒടുക്കിയതിൽ വിനിയോഗ സാക്ഷ്യ പത്രം പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 6/18-19/16.10.19) നൽകിയിരുന്നു. തുക തിരികെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സ്ഥാപനത്തിന് 16.10.2019 ൽ കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

എരുമേലി ടൗണിലും പരിസരത്തും സിസി ടിവിയും സൗണ്ട്സിസ്റ്റവും സ്ഥാപിച്ചപ്പോൾ നിലവിൽ വൈദ്യുതി കണക്ഷൻ ലഭ്യമല്ലാതിരുന്ന 5സ്ഥലങ്ങളിൽ 75AH 12VBattery and charge controller as per MNRE standard with powder coted box with three year warranty സ്ഥാപിച്ചതിന് പ്രോജക്ട് 4/19 പ്രകാരം 11000 രൂപ ചെലവഴിച്ചിട്ടുണ്ട്. 19.12.18 ൽ പ്രവൃത്തി പൂർത്തീകരിച്ചു എങ്കിലും ഏതാനും നാളുകൾക്കുള്ളിൽ രാത്രികാലങ്ങളിൽ സോളാർ പാനൽ പ്രവർത്തിക്കാത്തതിനാൽ ക്യാമറകൾ പ്രവർത്തിക്കാതെ വന്നു. പ്രസ്തുത വിവരം പിഡബ്ല്യുഡി ഇലക്ട്രോണിക്സ് വിഭാഗം കോട്ടയത്തെ അറിയിച്ചതിനെ തുടർന്ന് 17.12.2018 തീയതിയിലെ ESK/S/05/18 കത്ത് പ്രകാരം തുടർന്ന് പ്രസ്തുത സ്ഥലങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കി ക്യാമറ പ്രവർത്തിപ്പിക്കുവാനുള്ള മറുപടിയാണ് ടി വിഭാഗത്തിൽ നിന്നും ലഭിച്ചത്. ഇതനുസരിച്ച് പഞ്ചായത്ത് ഇലക്ട്രിസിറ്റി ബോർഡിൽ വൗച്ചർ നമ്പർ 1190/18-19 തീയതി 04.01.19 പ്രകാരം 15270/ ഒടുക്കി വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയാണ് നിലവിൽ സി.സി.ടി.വി പ്രവർത്തിപ്പിക്കുന്നത്. പ്രവൃത്തി നടത്തിയ കോൺട്രാക്ടറും, പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് വിഭാഗവും തമ്മിൽ **13.11.18** ൽ ഒപ്പിട്ട 75/EDTVM/18-19 കരാർ പകർപ്പിൽ വ്യവസ്ഥകൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരം പ്രോജക്ടുകൾ സ്ഥിരമായി നടത്തുന്ന പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് വിഭാഗത്തിന് എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള സ്പെസിഫിക്കേഷനിലുള്ള സോളാർ പാനലിൽ ക്യാമറ രാത്രികാലങ്ങളിൽ പ്രവർത്തിക്കില്ല എന്ന് അറിയേണ്ടതും അപ്രകാരം നടപടികൾ സ്വീകരിച്ചിരുന്നു എങ്കിൽ 11000രൂപയുടെ ചെലവ് ഒഴിവാക്കാമായിരുന്നു. എസ്റ്റിമേറ്റിൽ പറഞ്ഞിരുന്ന സ്പെസിഫിക്കേഷനിലുള്ള സോളാർ

പാനലാണോ സ്ഥാപിച്ചത് എന്ന് ഉറപ്പാക്കുവാൻ പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക്സ് വിഭാഗത്തോട് ആവശ്യപ്പെടേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകൽ- നടപടിക്രമങ്ങളിലെ അപാകതമൂലം അധിക ചെലവ്

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം, പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫണ്ടിനം | ചെലവ് തുക | ബിൽനമ്പർ, തീയതി |
|---|---|---|---|---|
| 22/19 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകൽ | അസി.സെക്രട്ടറി | ടി.എസ്.പി | 285600/ | 4/ 4.10.18 |
| 47/19 പട്ടികജാതി, വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകൽ | അസി.സെക്രട്ടറി | എസ്.സി.പി | 466000/ | 8/3.1.19 |

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പ്രത്യേകം പ്രത്യേകം ടെൻഡർ ക്ഷണിക്കുകയാണ് ചെയ്തത്. പ്രോജക്ട് നം 22/19 ന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞനിരക്ക് 20400/രൂപ ക്വോട്ട് ചെയ്തത് ഓർക്കിഡ് കമ്പ്യൂട്ടേഴ്സ് മുണ്ടക്കയം എന്ന സ്ഥാപനമാണ്. പ്രോജക്ട് നം 47/19 ന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞനിരക്ക് 23300/രൂപ ക്വോട്ട് ചെയ്തത് ഗ്ലോബൽ ലിങ്ക്സ് ചെങ്ങന്നൂർ എന്ന സ്ഥാപനമാണ്. ഒരു നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ നടപ്പാക്കുന്ന ഒരേ തരം പർച്ചേസിന് വ്യത്യസ്ത ക്വട്ടേഷനുകൾ ക്ഷണിച്ചതുമൂലം അധികചെലവ് ഉണ്ടായതായി കാണുന്നു. പ്രോജക്ട് നം 47/19 ന് പ്രോജക്ട് നം 22/19 നേക്കാൾ ലാപ്ടോപ് ഒന്നിന് 2900/രൂപ (23300-20400) അധികചെലവ് ഉണ്ടായിട്ടുണ്ട്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/18-19/ 16.10.19 ന് ലഭ്യമാക്കിയ മറുപടിയിൽ ടി.എസ്.പി. പ്രോജക്ടിന് വകയിരുത്തൽ കുറവായതിനാൽ സാധാരണ ടെൻഡറും എസ്.സി.പി പ്രോജക്ടിന് വകയിരുത്തൽ കൂടുതലായതിനാൽ ഇ-ടെൻഡറും ക്ഷണിക്കുകയാണ് ഉണ്ടായത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഇത് അംഗീകരിക്കാവുന്നതല്ല. ഒരു നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ ഒരേതരം വാങ്ങൽ പ്രക്രിയയ്ക്ക് ഒരുമിച്ച് ഇ-ടെൻഡർ ക്ഷണിക്കാമായിരുന്നു. മാത്രമല്ല ടി.എസ്.പി പ്രോജക്ടിന് ലഭ്യമായതിലും വിലയിൽ വലിയ വ്യത്യാസം എസ്.സി.പി പ്രോജക്ടിന് വന്ന സാഹചര്യത്തിൽ ടി.എസ്.പി പ്രോജക്ടിന് കരാറിൽ ഏർപ്പെട്ട സ്ഥാപനത്തിൽ നിന്നു തന്നെ അതേ വിലയിൽ എസ്.സി.പി പ്രോജക്ടിന് ആവശ്യമായ എണ്ണം ലാപ് ടോപ്പുകൾ ലഭിക്കാനുള്ള സാധ്യത പരിശോധിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയുടെ ഭാഗത്തുനിന്നും ഉണ്ടായ നടപടിക്രമങ്ങളിലെ വീഴ്ചമൂലം ലാപ് ടോപ് ഒന്നിന് 2900/രൂപ വച്ച് 26 ലാപ് ടോപ്പുകൾക്കായി 75400/രൂപ അധികചെലവ് ഉണ്ടായിട്ടുണ്ട്. അധികമായി ചെലവഴിച്ച 75400/രൂപയുടെ അധിക ചെലവ് നിരാകരിക്കുന്നു. 75400/- രൂപ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.എം.എൻ.വിജയനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

### 3-2 അംഗനവാടികൾക്ക് ബേബി ഫ്രണ്ട്‌ലി മേശ ബെഞ്ച് വാങ്ങൽ ടെൻഡർ നടപടികളിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥ- ഐസിഡിഎസ് സൂപ്പർവൈസർ

പ്രോജക്ട് വിശകലനം

| പ്രോജക്ട് നമ്പർ /പേര് | ഫണ്ടിനം | ചെലവ് തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 63/19, അംഗനവാടികൾക്ക്ബേബി ഫ്രണ്ട്‌ലി മേശ ബെഞ്ച് വാങ്ങൽ | വികസന ഫണ്ട് | 255000 | 21/25.03.19 |

പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ചതിൽ അഞ്ച് ടെൻഡറുകൾ ലഭിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ടെൻഡർ സമർപ്പിച്ച സ്ഥാപനം | ക്വോട്ട്ചെയ്ത തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | ഗ്രാഫിക് വിഷൻ മുണ്ടക്കയം | 3815 | 31.10.18 ലെ19(2) നമ്പർ തീരുമാനപ്രകാരം സ്പെസിഫിക്കേഷൻ പാലിച്ചിട്ടില്ല എന്ന സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശുപാർശ പരിഗണിച്ച് നിരസിച്ചു |
| 2 | ഡെൽറ്റ ഉഴവൂർ | 5100 | അംഗീകരിച്ചു |
| 3 | ഒളിമ്പിയ എൻജിനീയേഴ്സ് | 7216 | നിരസിച്ചു |
| 4 | കെ.എം.ടെക്നോളജീസ്, കോട്ടയം | 7330 | നിരസിച്ചു |
| 5 | തമ്പുരാൻകാലായിൽ ട്രേഡേഴ്സ് | 3871/ 5998 | നിരസിച്ചു |

ഫയൽ പരിശോധിച്ചതിൽ ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത ഗ്രാഫിക് വിഷൻ മുണ്ടക്കയം എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷനിൽ കാണിച്ചിട്ടുള്ളതും 28.07.18 ലെ ICDS/4/18 നമ്പർ ടെൻഡർ നോട്ടീസിൽ കാണിച്ചിട്ടുള്ള സ്പെസിഫിക്കേഷനും തമ്മിൽ വ്യത്യാസം ഉണ്ടായിരുന്നില്ല എന്നാൽ ടി ക്വട്ടേഷൻ നിരസിക്കുകയും താരതമ്യേന ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത ഡെൽറ്റ ഉഴവൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/18.10.19 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാഫിക് വിഷൻ മുണ്ടക്കയം ഹാജരാക്കിയ മേശയും ബെഞ്ചും സ്പെസിഫിക്കേഷനിൽ നൽകിയതിനേക്കാൾ വലുതും ഉയരം കൂടിയതുമായിരുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്. ഇത് സാമാന്യ യുക്തിക്ക് നിരക്കുന്നതല്ല. മാത്രമല്ല ടെൻഡർ സ്പെസിഫിക്കേഷനിൽ പറഞ്ഞിട്ടുള്ള വലുപ്പത്തിലും, ഉയരത്തിലുമുള്ള ബെഞ്ചും ഡെസ്കും നൽകുന്നതിന് സന്നദ്ധമാണോ എന്ന് അന്വേഷിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (പ്രൊക്യൂർമെന്റ് മാന്വൽ) ജി.ഒ(പി) 259/10 തസ്വഭവ/8.11.2010 ലെ നിർദ്ദേശങ്ങൾക്ക്

വിരുദ്ധമായി നടത്തിയ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഗ്രാഫിക് വിഷൻ മുണ്ടക്കയം ക്വോട്ട് ചെയ്ത തുകയേക്കാൾ (3815രൂപ) ഒരു ബഞ്ചും ഡെസ്കിനും 1250 രൂപ ( 5100-3815) നിരക്കിൽ 50 ബഞ്ചും ഡെസ്കിനുമായി 64250/രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥയായ ഐസിഡിഎസ് സൂപ്പർവൈസറുടെ ഭാഗത്തുനിന്നുള്ള വീഴ്ചമൂലം ഉണ്ടായിട്ടുള്ള 64250/- രൂപ ഐസിഡിഎസ് സൂപ്പർവൈസർ ശ്രീമതി. മിനി ജോസഫിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. 64250/രൂപയുടെ അധിക ചെലവ് നിരാകരിക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം. തീയതി |
|---|---|---|
| 2018-19 | 12.06.2019, 13.06.2019 | കെ.എസ്.എ.കെ.ടി.എം. പി14-889/19 തീയതി 22.06.2019 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ട് നം/ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 27.062018 | 300000 | അംഗൻവാടി പോഷകാഹാരം | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 25.07.2018 | 332510 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 321545 | 10965 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 18.07.2018, 26.09.2018 | 4198052 | ലൈഫ് മിഷൻ | 3368000 | 830052 |
| ബ്ലോക്ക് | 26.09.2018 | 750000 | ക്ഷീരകർഷകർക്ക് മിൽക്ക് | 750000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 07.01.2019 | | ഇൻസെന്റീവ് | | |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 08.10.2018 | 200000 | കാരിത്തോട് മണ്ണനാംകുന്ന് റോഡ് കോൺക്രീറ്റിംഗ് | 143577 | 56423 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 26.09.2018 | 500000 | കവുങ്ങുംകുഴി ചെക്ക്ഡാം നിർമ്മാണം | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 26.09.2018 | 500000 | ചെമ്പംകുഴി ചെക്ക്ഡാം നിർമ്മാണം | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 26.09.2018 | 300000 | കുട്ടപ്പായിപടി കലുങ്ക് നിർമ്മാണം | 0 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 26.09.2018 | 100000 | പഞ്ചായത്ത്പടി ബസ്സ്റ്റാന്റ് കലുങ്ക് | 0 | 100000 |
| ജില്ലാ പഞ്ചായത്ത് | 22.09.2018 | 3391549 | ലൈഫ് മിഷൻ | 2079800 | 1311749 |
| | | 10572111 | | | |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 24398 | 24398 | 0 |

| | | | | |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 17973 | 0 | 17973 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 13434 | 13434 | 0 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 17632 | 17632 | 0 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 12839 | 0 | 12839 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 49628 | 49628 | 0 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 18509 | 0 | 18509 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 19384 | 19384 | 0 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 17846 | 17846 | 0 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി | 4778 | 0 | 4778 |

| | | | | |
|---|---|---|---|---|
| | സ്ഥാപിക്കൽ | | | |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 123900 | 123900 | 0 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 69620 | 69620 | 0 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 17846 | 17846 | 0 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 199420 | 0 | 199420 |
| PWD ഇലക്ട്രോണിക്സ് ഡിവിഷൻ | പഞ്ചായത്ത് ഓഫീസ് റീനെറ്റ് വർക്കിംഗ് | 256292 | 256292 | 0 |
| PWD ഇലക്ട്രോണിക്സ് ഡിവിഷൻ | CCTV സ്ഥാപിക്കൽ | 1499805 | 1499805 | 0 |
| സോഷ്യോ ഇക്കണോമിക് യൂണിറ്റ് | കവുങ്ങുംകുഴി പ്ലാന്റിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് | 169125 | 169125 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2018-19 വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും വായ്പ തിരിച്ചടവിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പ അക്കൗണ്ട് നം./ബാങ്ക് | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ളത് | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | ബാലൻസ് |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവനപദ്ധതി | ജി.ഒ(ആർ.ടി) 1394/ 22.4.2010 | 5539 കോട്ടയം ജില്ലാ സഹകരണ ബാങ്ക്, എരുമേലി | 3,06,82,500 | 437090/- | 437090/- | 0 |
| ലൈഫ് ഭവനപദ്ധതി | ജിഒ (എം.എസ്) 68/2018/ തസ്വഭവ/ 18.5.18 | കെ.യു.ആർ.ഡി.എഫ്.സി | 19039464 | 19039464 | 0 | 19039464 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ പേരിൽ സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | - | 2014-15 | 4-1-12 | ആധുനിക അറവുശാല നിർമ്മാണം പൂർത്തീകരിച്ചില്ല | നിയമസഭാ സമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| 2012-13 | - | 2014-15 | 4-1-6 | കാർഷിക വിജ്ഞാന കേന്ദ്രം- പണി പൂർത്തീകരിച്ചില്ല | |
| 1997-98 | 28 | 1999 | 3-14(b) | 2.5 ലക്ഷം രൂപയുടെ തിരിച്ചടവ് അവ്യക്തം | |
| 1997-98 | - | 1999 | 3-14(b) | സെക്രട്ടറി സ്വന്തം നിലയിൽ പണം നൽകിയത് ക്രമവിരുദ്ധം | പരിഗണനയിൽ |
| 1999-00 മുതൽ 2001-02 വരെ | 2-20 | 2004-05 | 2(3) | ജനകീയാസൂത്രണം അവലോകനം തയ്യൽ റെഡിമെയ്ഡ് യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല- 895166 രൂപയുടെ ചെലവ് | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്ജ്/സർചാർജ്ജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ ) | 178028980 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 129505197 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 139650 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5002053 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | - | 75400 | ശ്രീ. എം.എൻ വിജയൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | - | 64250 | ശ്രീമതി. മിനി ജോസഫ്, ഐസിഡിഎസ് സൂപ്പർവൈസർ |
| ആകെ | | 139650 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 514926 | ശ്രീ ഷൈൻ പി.ആർ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-18 | 269010 | ശ്രീ ഷൈൻ പി.ആർ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-24 | 2399950 | ഡോ. ജെസി ജെയിംസ്, വെറ്ററിനറി സർജൻ |
| 1-25 | 4198 | ഡോ. ബേനസീർ.കെ.ഐ., മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 1-26 | 726641 | ശ്രീ. വി.ഷിജുകുമാർ, കൃഷി ഓഫീസർ |
| 1-27 | 551800 | ഡോ. സീന എം. ഇസ്മയിൽ, മെഡിക്കൽ ഓഫീസർ, സിഎച്ച്സി, എരുമേലി |
| 1-29 | 50000 | ശ്രീ.വി.എം.സജി, വി.ഇ.ഒ |
| 1-30(2) | 180600 | ശ്രീ. എം.എൻ. വിജയൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-31 | 20000 | ശ്രീ. എം.എൻ. വിജയൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-33 | 284928 | ശ്രീ. നൗഷാദ്.പി.എ., സെക്രട്ടറി |
| ആകെ | 5002053 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം.എൻ. വിജയൻ, അസിസ്റ്റന്റ് സെക്രട്ടറി | - | മേട്ടുംപുറത്ത്, എരുമേലി പി.ഒ. കോട്ടയം – 686509 |
| ശ്രീമതി മിനി ജോസഫ്, ഐസിഡിഎസ് സൂപ്പർവൈസർ | - | വയലുങ്കൽ, കുവപ്പള്ളി പി.ഒ. കുവപ്പള്ളി കോട്ടയം- 686515 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91, 1991-92 | എൽഎഫ്കെ പി-4/895/96/9.4.97/15.9.97 | |
| 1997-98 | എൽഎഫ്കെ പി-8/333/04/തീയതി 5.6.04 | |
| 1998-99 | കെഎസ്എകെടിഎം പി11/അദാ.18/ 205(1)/18 തീയതി. 8.3.2018 | 40 |
| 2001-02 | കെഎസ്എകെടിഎംപി11/അദാ.18/ 205(2)/18 | 4 |

| | | |
|---|---|---|
| | തീയതി. 2.2.2018 | |
| 2002-03 | എൽഎഫ്കെപി9/368/08/8.3.10 | |
| 2002-03 | കെഎസ്എകെടിഎംപി11/അദാ.18/ 205(3)/18 തീയതി. 2.2.2018 | |
| 2004-05 | എൽഎഫ്കെപി13/677/11/9.12.2011 | |
| 2005-06 | എൽഎഫ്കെപി9/793/10/8.4.2011 | |
| 2006-07 | എൽഎഫ്കെപി13/794/10/1.8.2012/ 7.8.2012 | |
| 2007-08 | എൽഎഫ്കെപി13/1592/11/1.8.2013/ 14.8.2013 | |
| 2008-09/09-10 | എൽഎഫ്കെപി13/989/12/6.7.2013 | |
| 2010-11/11-12 | എൽഎഫ്കെപി13/103/14/25.8.2014 | 35 |
| 2012-13 | എൽഎഫ്കെപി13/292/15/22.03.2016 | 47 |
| 2013-14 | കെഎസ്എകെടിഎംപി13/516/16/17.9.2016 | 40 |
| 2003-04 | കെഎസ്എകെടിഎംപി11/അദാ.18/ 205(4)/18 തീയതി. 2.2.2018 | 5 |
| 2014-15 | കെഎസ്എകെടിഎംപി13/864/16/21.7.16 | 21 |
| 2015-16 | കെഎസ്എകെടിഎംപി13-1795/2016/ 16.12.2016 | 22 |
| 2016-17 | കെഎസ്എകെടിഎംപി18/815/17/12.6.17 | 19 |
| 2017-18 | കെഎസ്എകെടിഎംപി11/306/19 തീയതി 18.10.2019 | 30 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

**നം.കെ.എസ്.എ-കെ.ടി.എം.പി11/1629/2019** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.**

**ഫോൺ: 04812564886**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**തീയതി: 23.11.2019.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2018-19**ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**